I.ഇ.ബി. XII-കേരള നിയമസഭ/VII-14

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 മാർച്ച് 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

**ബേബിജോൺ, പി.പി. ജോർജ്, പോൾ പി. മാണി, ആർ. രാമചന്ദ്രൻ നായർ, എ.എസ്.എൻ. നമ്പീശൻ, മണിമംഗലത്ത് കുട്ട്യാലി, പി. ഭാസ്കരൻ, സി.പി. മൂസാൻകുട്ടി, വർക്കി ജോർജ് എന്നിവരുടെ നിര്യാണം**

മുൻമന്ത്രിമാരായ ബേബിജോൺ, പി.പി. ജോർജ്, പോൾ പി. മാണി, ആർ. രാമചന്ദ്രൻ നായർ, മുൻ എം.എൽ.എ.മാരായ എ.എസ്.എൻ. നമ്പീശൻ, മണിമംഗലത്ത് കുട്ട്യാലി, പി. ഭാസ്കരൻ, സി.പി. മൂസാൻകുട്ടി, മുൻ എം.പി. വർക്കി ജോർജ് എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## ശ്രദ്ധ ക്ഷണിക്കൽ

(1) കൊച്ചി വിമാനത്താവളത്തിലെ പ്രശ്നങ്ങൾ

ശ്രീ. തോമസ് ചാണ്ടി : സ്മാർട്ട് സിറ്റി, കണ്ടെയ്നർ ടെർമിനൽ തുടങ്ങിയ വികസന പദ്ധതികൾ ഉൾപ്പെടെ ഐ.ടി. രംഗത്ത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കേരളത്തിന്റെ ആവശ്യത്തിനനുസരിച്ച് കൊച്ചി എയർപോർട്ട് വളരുന്നില്ല. വിമാനങ്ങൾ വന്നുകഴിഞ്ഞാൽ ഗോവണി വരാൻ വൈകുക, ലഗ്ഗേജ് കിട്ടാൻ വൈകുക തുടങ്ങിയ ബുദ്ധിമുട്ടുകൾ യാത്രക്കാർക്ക് നേരിടേണ്ടിവരുന്നു. ടാക്സിവേ പ്രവർത്തിക്കുന്നില്ല. അടിസ്ഥാന സൗകര്യം ഒരുക്കിക്കൊടുക്കാത്തതുകൊണ്ട് പല വിമാന കമ്പനി കളും സർവീസ് നടത്താൻ തയ്യാറാകുന്നില്ല. വൻകിട വിദേശ കമ്പനികൾ കൊച്ചിയിൽ വരാൻ താല്പര്യം കാണിക്കാത്തതും റഡാർ സംവിധാനം സ്ഥാപിക്കാൻ വൈകുന്നതും വിവിധ വിമാന കമ്പനികളിൽനിന്ന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കാത്തതും എന്തുകൊണ്ടാണെന്ന് അന്വേഷി ക്കണം. റൺവേ റീ-കാർപ്പെറ്റിംഗ് നടത്തുമ്പോൾ സർവീസുകൾ മുടങ്ങാതിരി ക്കാൻ വലിയ വിമാനത്താവളങ്ങളിലുള്ളതുപോലെ രണ്ട് റൺവേ സ്ഥാപിക്കു ന്നതിന് നടപടി സ്വീകരിക്കണം. വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവർക്ക് അഭിമാനിക്കാവുന്ന രീതിയിൽ ഏഷ്യയിലെതന്നെ വലിയ വിമാനത്താവള മായി കൊച്ചി വിമാനത്താവളത്തെ മാറ്റിയെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന കേരളത്തിന്റെ, പ്രത്യേകിച്ച് കൊച്ചി നഗരത്തിന്റെ, ഭാവി ആവശ്യങ്ങൾകൂടി നിറവേറ്റത്തക്ക രീതിയിലാണ് കൊച്ചി വിമാനത്താവള ത്തിന്റെ വികസന പ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുള്ളത്. ഇന്റർനാഷ

ണൽ ടെർമിനലിന്റെ നവീകരണം, സമാന്തര ടാക്സി ട്രാക്കിന്റെ നിർമ്മാണം, പാർക്കിംഗ്‌വേ, കാർഗോ കൈകാര്യം ചെയ്യുന്ന ഡൊമസ്റ്റിക് ടെർമിനലിന്റെ നവീകരണം തുടങ്ങിയവ ഇതിൽപ്പെടുന്നു. കൊച്ചി വിമാനത്താവളംവഴിയുള്ള യാത്രക്കാരുടെ എണ്ണവും ഓപ്പറേറ്റ് ചെയ്യുന്ന വിമാനങ്ങളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. വിമാനത്താവളത്തിലെ ഗ്രൗണ്ട് ഹാൻഡ്‌ലിംഗ്, പാക്കേജ് ജോലികൾ എന്നിവ നിർവ്വഹിക്കുന്ന എയർ ഇൻഡ്യയുടെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. അവ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതാണ്. ടാക്സിവേ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. റൺവേ റീ-കാർപ്പെറ്റിംഗ് ചെയ്യുന്ന പ്രവർത്തനം 2008 നവംബറിനും 2009 മേയ് മാസത്തിനുമിടയ്ക്ക് നടത്താൻ ആലോചിക്കുന്നുണ്ട്. ഇതുമൂലം ഇവിടെനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളിൽ കുറവ് ഉണ്ടാകുകയില്ലെന്ന് പ്രതീക്ഷിക്കുന്നു. രണ്ട് റൺവേ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിച്ച് വേണ്ടത് ചെയ്യുന്നതാണ്. ആഭ്യന്തരവും അന്താരാഷ്ട്രവുമായ വിമാന സർവീസുകൾ ആരംഭിക്കുന്നതിന് മുന്നോട്ടുവന്നുകൊണ്ടിരിക്കുന്ന വിമാന കമ്പനികൾക്ക് അനുമതി ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

(2) തമിഴ്‌നാടിന്റെ പറമ്പിക്കുളം -ആളിയാർ കരാർ ലംഘനം

ശ്രീ. ജോസ് തെറ്റയിൽ: പാലക്കാട്, തൃശ്ശൂർ, മലപ്പുറം, എറണാകുളം ജില്ലകളിലെ ജലസേചന-കുടിവെള്ള പ്രശ്നം തമിഴ്‌നാടുമായി കേരളം ഉണ്ടാക്കിയിട്ടുള്ള പറമ്പിക്കുളം-ആളിയാർ പ്രോജക്ട് എഗ്രിമെന്റിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇതിൽ തൃശ്ശൂർ-എറണാകുളം ജില്ലകളിലെ ജലസേചന-കുടിവെള്ള ആവശ്യത്തിന് ജനങ്ങൾ ആശ്രയിക്കുന്നത് ചാലക്കുടി പുഴയെയാണ്. തമിഴ്‌നാട് ഷോളയാറിൽനിന്നു വരുന്ന വെള്ളം കേരളാ ഷോളയാർ

വഴിയാണ് ചാലക്കുടി പുഴയിൽ എത്തുന്നത്. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമനുസരിച്ച് ചാലക്കുടി ലെഫ്റ്റ് ബാങ്ക് കനാൽ, റൈറ്റ് ബാങ്ക് കനാൽ എന്നിങ്ങനെ രണ്ടായി തിരിഞ്ഞ് ചിറ്റൂർപ്പുഴ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, പെരിയാർ എന്നിവയുടെ ബേസിനിലേയ്ക്ക് വെള്ളം പങ്കുവയ്ക്കുന്നു. ഫെബ്രുവരി മാസത്തെ കണക്കുപ്രകാരം കേരളത്തിന് 2663 എഫ്.ആർ.എൽ. വെള്ളം ലഭിക്കേണ്ടതിനുപകരം 1.7 ടി.എം.സി .വെള്ളം കുറച്ചാണ് തമിഴ്നാടിൽ നിന്ന് ലഭ്യമായത്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരള -ഷോളയാർ ഡാമിലേയ്ക്ക് ഫെബ്രുവരി ഒന്നാം തീയതി വരേണ്ട 2663 എഫ്.ആർ.എൽ.വെള്ളം നിലനിർത്തിത്തരണമെന്ന വ്യവസ്ഥ തമിഴ്നാട് ലംഘിച്ചിരിക്കുകയാണ്. 2007-ജൂൺ-ജൂലൈ മാസങ്ങളിൽ അതിവൃഷ്ടി കാരണം തമിഴ്നാട് ഷോളയാറിൽനിന്ന് കേരള ഷോളയാറിലേയ്ക്ക് വെള്ളം ഓവർഫ്ളോ ചെയ്യുകയാണ്. ജൂൺ-ജൂലൈ മാസത്തിൽ വെള്ളത്തിന്റെ കണക്ക് നമ്മുടെ ഉദ്യോഗസ്ഥർ തമിഴ്നാട് ഓഫീസേഴ്സിനെ അറിയിക്കേണ്ട കാര്യമില്ല. ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തമിഴ്നാട് സർക്കാരിനേയും ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിനേയും സമയാസമയം അറിയിച്ചിരുന്നില്ല. 1993-94 കാലഘട്ടത്തിൽ നിയമസഭാ കമ്മിറ്റി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തുകയും ചെയ്തുവെങ്കിലും ഫലമുണ്ടായില്ല. ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കരാർ ലംഘനത്തെ സഹായിക്കുന്നതാണ്. ആയതിനാൽ ചാലക്കുടി പ്രദേശത്തെ ജലസേചനത്തേയും കുടിവെള്ളത്തേയും ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം ഉണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ഫെബ്രുവരി ഒന്നാം തീയതി കേരള-ഷോളയാർ റിസർവോയറിലെ പൂർണ്ണ ജലവിതാനം 2663 അടിയായി നിലനിർത്തണമെന്നാണ്. എന്നാൽ 2007-2008 ജലവർഷം എഫ്.ആർ.എൽ. 12 അടി കുറവായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പി.എ.പി. കരാറിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ അനുവർത്തിക്കണമെന്നും അല്ലെങ്കിൽ ചാലക്കുടി പ്രദേശത്ത് ജലസേചനത്തേയും കുടിവെളളത്തേയും ബാധിക്കുമെന്നും കേരളം ജെ.ഡബ്ല്യു.ആർ.ബി. മീറ്റിംഗിൽ മുന്നറിയിപ്പ് നൽകുകയും തമിഴ്നാട് മന്ത്രിയെ 2-2-08-ൽ രേഖാമൂലം അറിയിക്കുകയും ചെയ്തതാണ്. കരാർ പ്രകാരമുള്ള ജലം തമിഴ്നാട്-ഷോളയാറിൽനിന്ന് കേരള -ഷോളയാറിലേയ്ക്ക് തുറന്നുവിടാൻ അനുകൂല മറുപടി ലഭിക്കാത്തത് ചർച്ച ചെയ്യുന്നതിന് എം.എൽ.എ.മാരുടേയും അന്തർ സംസ്ഥാന നദീജല പ്രശ്നം സംബന്ധിച്ച ഉപദേശക സമിതിയുടേയും യോഗം 6-2-08-ൽ വിളിച്ചുചേർക്കുകയുണ്ടായി. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ചാലക്കുടി ബേസിനിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പ്രതിദിനം 1.25 മില്യൻ ക്യൂബിക് മീറ്റർ ജലം രണ്ടാഴ്ചത്തേയ്ക്ക് റിലീസ് ചെയ്തു. ജലസേചനത്തിനും കുടിവെള്ള ആവശ്യങ്ങൾക്കുമായി ചാലക്കുടി പുഴയിൽ കൂടുതൽ ജലം ലഭ്യമാക്കുന്നതിന് ഫോർട്ട് നൈറ്റ് മീറ്റിംഗിലും 83-ാമത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് മീറ്റിംഗിലും തമിഴ്നാടിനോട് കേരള സർക്കാർ ആവശ്യപ്പെട്ടതാണ്. എന്നാൽ തമിഴ്നാട് സർക്കാരിന്റെ ഭാഗത്തുനിന്ന് അനുഭാവ നിലപാട് കാണുന്നില്ല. ഈ സാഹചര്യത്തിൽ കേരള-ഷോളയാറിൽ ലഭ്യമായ സ്റ്റോറേജ് വെള്ളം കാർഷികാവശ്യത്തിന് കൂടി പരിഗണിച്ച് വൈദ്യുതി ഉല്പാദനം ക്രമീകരിക്കുന്നതുവഴി

ചാലക്കുടി പുഴയിൽ പ്രതിദിനം 9 എം.സി.എം. ജലം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരികയാണ്. 1972-നുശേഷം കേരള-ഷോളയാറിൽ ഫുൾ റിസർവോയർ ലെവൽ 2663 അടിയായത് 3 പ്രാവശ്യം മാത്രമാണ്. കെ.എസ്. ഇ.ബി. നൽകിയ അഫിഡവിറ്റ് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്. ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് കേരളവും തമിഴ്നാടും തമ്മിൽ 1958 മുതൽ മുൻകാലപ്രാബല്യത്തോടുകൂടി 1970-ൽ നടപ്പാക്കിയ കരാറിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടിവരും. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെ യോഗം കാലാകാലങ്ങളിൽ വിളിച്ചുചേർത്ത് റിവ്യൂ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പി.എ.പി. കരാർ സംബന്ധിച്ച് പുനരവലോകനം നടത്തണമെന്നാവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് രണ്ടു പ്രാവശ്യം മുഖ്യമന്ത്രി കത്തയയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇരു സംസ്ഥാനങ്ങലും ചീഫ് സെക്രട്ടറിതല ചർച്ചയ്ക്ക് തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ചർച്ചയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ഇ.ബി. കോടതിയിൽ സത്യവാങ്മൂലം നൽകിയത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുമായി ബന്ധപ്പെട്ടതാണ്.

**സബ്മിഷൻ**

**(1) എച്ച്.എം.ടി. ഭൂമി ബ്ളൂസ്റ്റാർ കമ്പനിക്ക് വിറ്റതു സംബന്ധിച്ച്**

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): എച്ച്.എം.ടി. ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് കേരള ലാന്റ് റിഫോംസ് ആക്ട് അനുസരിച്ച് ഗവൺമെന്റ് ഏറ്റെടുത്ത ഭൂമി ബ്ളൂസ്റ്റാർ കമ്പനിയുടെ കൈവശ ഭൂമിയാണെന്നും എച്ച്.എം.ടി.ക്ക് എക്സംപ്ഷനുണ്ടെന്നും ന്യായീകരിച്ചു

കൊണ്ടാണ് കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുള്ളത്. വിൽപ്പനയിലുള്ള അപാകതകൾ മറച്ചുവച്ച് കേരള ലാന്റ് റിഫോംസ് ആക്ട് പ്രകാരം ബ്ളൂസ്റ്റാർ കമ്പനിക്ക് അനുവദിച്ച എക്സംപ്ഷൻ ക്യാൻസൽ ചെയ്യണമെന്ന് ചീഫ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടും അത് മറികടന്ന് ഇത്തരത്തിലൊരു അഫിഡവിറ്റ് കോടതിയിൽ കൊടുത്തതിന്റെ കാരണം വ്യക്തമാക്കണം. ഭൂപരിഷ്ക്കരണ നിയമം പരസ്യമായി ലംഘിച്ച് ബ്ളൂസ്റ്റാർ കമ്പനി കൈവശം വച്ചിരിക്കുന്ന മിച്ചഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നിയമലംഘനം നടത്താൻ റിയൽ-സ്റ്റേഴ്സിനെ സഹായിക്കുകയാണ് ഇതിലൂടെ ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : എസ്. ആർ. ഒ. നമ്പർ 636/2000 പ്രകാരം എച്ച്.എം.ടി. കമ്പനിയുടെ കൈവശമുള്ളതിൽ നിന്നും നൂറ് ഏക്കർ ഭൂമി കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ ഭൂപരിധിയിൽനിന്നും പരിപൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സ്റ്റാറ്റ്യൂട്ടറി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. ഈ നൂറ് ഏക്കർ ഭൂമിയിൽനിന്നാണ് എഴുപത് ഏക്കർ സ്ഥലം കമ്പനി വിറ്റത്. ഭൂപരിഷ്ക്കരണ നിയമത്തിലെ 120-ാം വകുപ്പനുസരിച്ച് ഭൂമി വാങ്ങുന്ന ആളും വിൽക്കുന്ന ആളും അവരുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച ഡിക്ളറേഷൻ ബന്ധപ്പെട്ട സബ് രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതും സബ് രജിസ്ട്രാർ അതിന്റെ ഓരോ കോപ്പി ആതറൈസ്ഡ് ഓഫീസറായ തഹസീൽദാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. ഈ വ്യവസ്ഥ അനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. എച്ച്. എം. ടി.

കമ്പനിയിൽനിന്ന് ഭൂമി വാങ്ങിയ ബ്ളൂസ്റ്റാർ റിയൽസ്റ്റേഴ്സിന്റെ കൈവശം മിച്ചഭൂമി ഉണ്ടോ എന്നത് പരിശോധിച്ച് നടപടികൾ കൈക്കൊള്ളേണ്ടത് ബന്ധപ്പെട്ട താലൂക്കിലെ ലാൻഡ് ബോർഡാണ്. ഭൂപരിഷ്ക്കരണ നിയമം അനുസരിച്ച് ഭൂമി വാങ്ങിയ വ്യക്തിയോ സ്ഥാപനമോ ഭൂമി സറണ്ടർ ചെയ്യേണ്ടതാണ്. പ്രസ്തുത നിയമപ്രകാരം ഭൂമി കൈമാറ്റം നടന്ന തീയതി മുതൽ മൂന്ന് മാസത്തിനകം പരിധിയിൽക്കവിഞ്ഞ ഭൂമിയെ സംബന്ധിച്ച് ബന്ധപ്പെട്ട ലാൻഡ് ബോർഡ് മുമ്പാകെ സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടതാണ്. ഇതനുസരിച്ച് ബ്ളൂസ്റ്റാർ റിയൽസ്റ്റേഴ്സ് കമ്പനി സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടോ എന്ന് ഗവൺമെന്റ് അന്വേഷിക്കുന്നു. ഇപ്രകാരം സത്യവാങ്മൂലം ഫയൽ ചെയ്തിട്ടില്ലെങ്കിൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്ന കാര്യം ഗവൺമെന്റ് ലാൻഡ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ഈ സെയിൽ ഡീഡിന്റെ സാധുതതന്നെ ഹൈക്കോടതി ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ബഹമാനപ്പെട്ട ഹൈക്കോടതിയുടെ തീർപ്പ് വന്നതിനുശേഷം മാത്രം നടപടികൾ കൈക്കൊള്ളുന്നതാണ് ഉചിതമെന്ന് സർക്കാർ കരുതുന്നു.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : എച്ച്. എം. ടി. ഭൂമി ഇടപാടുമായി ബന്ധപ്പെട്ടല്ല, മിച്ചഭൂമി സംബന്ധിച്ച പ്രശ്നമാണ് ഉന്നയിച്ചത്. ഹൈക്കോടതി തീരുമാനിക്കട്ടേ എന്നുപറഞ്ഞാൽ നിലവിലുള്ള നിയമമനുസരിച്ച് മിച്ചഭൂമിയുടെ വ്യവസ്ഥ എന്താണെന്നും എന്തുകൊണ്ടാണ് ഇതുവരെ ഭൂമി ഏറ്റെടുക്കാത്തത് എന്നുമാണ് അറിയേണ്ടത്. പരസ്യമായി ബ്ളൂസ്റ്റാർ കമ്പനി നിയമം ലംഘിച്ച് 55 ഏക്കർ സ്ഥലം കൈവശം

വയ്ക്കുകയും അത് സംബന്ധിച്ച് ചീഫ് സെക്രട്ടറി ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. അതിന് ഇപ്പോഴും പരിശോധിച്ചുവരുന്നു എന്നാണ് റവന്യൂ വകുപ്പുമന്ത്രി മറുപടി പറയുന്നത്. ഇതിന് വ്യക്തമായ മറുപടി കിട്ടണം.

ശ്രീ. കെ. എം. മാണി: ഹൈക്കോടതിയിൽ കേസ് നിലവിലിരിക്കുന്ന തിനാൽ മിച്ചഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ കഴിഞ്ഞിട്ടേ പറ്റൂ എന്നാണ് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ക്വാസി ജുഡീഷ്യൽ അതോറിറ്റിക്ക് ആ നിയമം അനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടുപോകാനും മിച്ചഭൂമി ഏറ്റെടുക്കാനും പറ്റില്ല എന്നുപറയുന്നത് നിയമവിരുദ്ധമാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയം സഭയിൽ ചർച്ച ചെയ്യുന്നത് ഓർഡറിലല്ല. അത് സബ്ജൂഡിസാണ്.

മി. സ്പീക്കർ : പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നം സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുകയാണ്. ഇനി ചർച്ച നീട്ടിക്കൊണ്ടുപോകാൻ ചെയർ അനുവദിക്കുകയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മുഖ്യമന്ത്രി മറുപടി പറയണം. നിലവിലുള്ള നിയമത്തെ വെല്ലുവിളിച്ചുകൊണ്ട് ലാൻഡ് റിഫോംസ് ആക്ടിലെ സെക്ഷൻ 81 (എ) അനുസരിച്ചുള്ള എക്സംപ്ഷൻ എച്ച്. എം. ടി. ക്ക് ഉണ്ട് എന്ന് പറഞ്ഞ അഫിഡവിറ്റിൽ ആ എക്സംപ്ഷന് വിരുദ്ധമായി എച്ച്. എം. ടി. മറ്റൊരു പാർട്ടിക്ക് ഭൂമി വിറ്റപ്പോൾ അവർക്ക് ആ എക്സംപ്ഷൻ ബാധകമല്ല എന്ന് വ്യക്തമായിട്ടും മിച്ചഭൂമി ഏറ്റെടുക്കാതെ

ആ കമ്പനിയെ സഹായിക്കുന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു).

### (2) പുനലൂർ-കൊല്ലം റെയിൽവേ ഗേജ്മാറ്റ പണികൾ

ശ്രീ. കെ. രാജു: 1998-ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റ് നിർദ്ദേശപ്രകാരമുള്ള പുനലൂർ-കൊല്ലം റെയിൽവേ ഗേജ്മാറ്റ പണികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : കൊല്ലം-ചെങ്കോട്ട മീറ്റർഗേജ് റെയിൽപ്പാത ബ്രോഡ്ഗേജാക്കുന്നതിന് കേന്ദ്ര മന്ത്രാലയം അനുമതി നൽകുകയും 462.61 കോടി രൂപയുടെ എസ്റ്റിമേറ്റിന് റെയിൽവേ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 2006-07-ൽ രണ്ട് കോടി രൂപയും, 2007-08-ൽ മൂന്ന് കോടി രൂപയും 2008-09-ൽ 90 കോടി രൂപയും ഇതിനായി റെയിൽവേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 17-03-2008-ൽ സംസ്ഥാനത്ത് റെയിൽവേ വികസനം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കൂടിയ ഉന്നതതല യോഗത്തിൽ ഇക്കാര്യം അവലോകനം ചെയ്ത് അവിടെ പണികൾ പുരോഗമിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. എന്നാൽ കെ. എസ്. ടി. പി.യിൽ ഉൾപ്പെടുന്ന മൈലം മേൽപ്പാലം പൂർത്തീകരിക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസമുണ്ടാ

യതായി റെയിൽവേ അധികൃതർ അറിയിച്ചതിന്മേൽ സത്വര നടപടികൾ കൈക്കൊള്ളുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. 2008 ജൂൺ മാസത്തോടുകൂടി കൊല്ലം-പുനലൂർ ഗേജ്മാറ്റം പൂർത്തിയാക്കാൻ കഴിയുമെന്നാണ് റെയിൽവേ ഉദ്യോഗസ്ഥർ അറിയിച്ചിരിക്കുന്നത്. ഈ റെയിൽവേ ലൈനിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ ജില്ലാ കളക്ടറും റെയിൽവേ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഒരു മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

### (3) കൊച്ചിയിലെ ടൂറിസം വികസനം

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സുനാമി ദുരിതാശ്വാസ നിധിയിലുൾപ്പെടുത്തി 10 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തീരുമാനിക്കുകയും എല്ലാ വിധത്തിലുള്ള സ്കെച്ചും പ്ളാനും അയച്ചുകൊടുക്കുകയും ചെയ്ത ഫോർട്ട് കൊച്ചിയിലെ ടൂറിസം വികസന പദ്ധതിയുടെ ടെൻഡർ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രസ്തുത പദ്ധതിയിൽ കടൽഭിത്തി പുനരുദ്ധാരണം, നിലവിലുള്ള നടപ്പാതയുടെ പുനരുദ്ധാരണവും നിർമ്മാണവും, ഡക്ക് വ്യൂവിംഗ്, കർവ്ഡ് റീട്ടെയിനിംഗ് വാൾ, ഗ്രാനൈറ്റ് ഇരിപ്പിടങ്ങൾ, ഡെവലപ്മെന്റ് വർക്ക്സ്, ലൈഫ് ഗാർഡ്, റെയിൻ ഷെൽട്ടർ, ടോയ്ലറ്റ് ബ്ളോക്ക്, പേവ്മെന്റ് ഏരിയ, പാർക്കിംഗ് ഏരിയ മുതലായ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2008 മാർച്ച് മാസത്തോടുകൂടി ഇതിന്റെ പ്രവൃത്തി

ആരംഭിച്ചിട്ടുണ്ട്. 2009 മാർച്ചിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### (4) കോഴിക്കോട് വിമാനത്താവളത്തിലെ ഹോട്ട് മിക്സിംഗ് യൂണിറ്റ് മാറ്റിസ്ഥാപിക്കൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേയുടെ നിർമ്മാണത്തിനുള്ള ടാർ മിക്സിംഗ് യൂണിറ്റ് മുമ്പ് പ്രവർത്തിച്ചിരുന്ന ജനവാസം കുറഞ്ഞ പ്രദേശത്തേയ്ക്ക് മാറ്റിസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന പ്രദേശത്തെ മലിനീകരണം ഒഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ ശക്തിപ്പെടുത്തേണ്ടതിന്റെ അടിയന്തിര ജോലിക്കായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെ വിമാനത്താവളത്തോടനുബന്ധിച്ച് ഒരു ടാർ മിക്സിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റിൽനിന്നും ഉണ്ടാകുന്ന മലിനീകരണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന്റെയും കൊണ്ടോട്ടി കൂട്ടാവുങ്ങൽ നിവാസികളുടേയും പരാതി ലഭിക്കുകയും അതിന്മേൽ വിശദമായ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. സമീപവാസികളുടെ കിണറുകൾ മലിനമാകുന്നുവെന്നും ടാർ മിക്സിംഗ് യൂണിറ്റ് പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന പുക ജനങ്ങൾക്ക് ഹാനികരമാണെന്നുമുള്ള പരാതികളാണ് ഉയർന്നുവന്നത്. ഇതേപ്പറ്റി മലിനീകരണ നിയന്ത്രണ ബോർഡിലെ വിദഗ്ദ്ധർ പരിശോധന നടത്തുകയും രാത്രികാലങ്ങളിൽ മാത്രമേ ടാർ മിക്സിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ പാടുള്ളൂ എന്നും

മലിനീകരണം നിയന്ത്രിക്കുന്നതിനായി വാട്ടർ സ്ക്രബ്ബർ എല്ലാ സമയത്തും പ്രവർത്തിപ്പിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയതായും അറിയിച്ചിട്ടുണ്ട്. 08-03-2008-ൽ ജില്ലാ കളക്ടർ സ്ഥലം സന്ദർശിച്ച് പ്രാദേശിക ജനപ്രതിനിധികളുമായും പരാതിക്കാരുമായും ചർച്ചകൾ നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിരുന്നു. ടാർ മിക്സിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത് കർശന നിയന്ത്രണങ്ങൾക്ക് വിധേയമായും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെയുമാണെന്നും ഇക്കാര്യത്തിലുള്ള നിയന്ത്രണം കർശനമായി പാലിക്കുമെന്നും ഈ ടാർ മിക്സിംഗ് യൂണിറ്റിന്റെ പ്രവർത്തനം 2008 മേയ് മാസം 31-ാം തീയതിയോടുകൂടി അവസാനിപ്പിക്കുമെന്നും എയർപോർട്ട് അധികൃതർ അറിയിച്ചിട്ടുണ്ട്.

### (5) <u>ക്രിമിനൽ സംഘത്തെപ്പറ്റി സ്പെഷ്യൽ ടീം അന്വേഷണം</u>

<u>ശ്രീ. വി. എൻ. വാസവൻ</u> : കോട്ടയം, എറണാകുളം, വയനാട് എന്നീ ജില്ലകളിലും തമിഴ്നാട്ടിലെ കമ്പംമേട് പോലീസ് സ്റ്റേഷനിലുമായി 29-ഓളം കേസുകളിൽ പ്രതിയായ ഗുണ്ടാത്തലവൻ 'ആയി' എന്ന സജി ഉൾപ്പെടെയുള്ളവരെ പോലീസ് പിടികൂടുകയുണ്ടായി. പാലാ മുനിസിപ്പാലിറ്റി കൗൺസിലറും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും ഈ കേസിൽ പ്രതികളാണെന്ന് അറിയാൻ കഴിഞ്ഞു. അന്തർസംസ്ഥാന ബന്ധമുള്ള ഈ ക്രിമിനൽ സംഘത്തെപ്പറ്റി ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ട് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോട്ടയം പാലാ ടൗണിൽ ഐസ് ക്രീം മൊത്ത വ്യാപാരിയായ ആലപ്പാട്ട് കുന്നയിൽ റെജി ജോസിനെ 2007 മേയ് 3-ാം തിയതി രാത്രി 9.50-ന് മൂന്ന് പേർ ചേർന്ന് മോട്ടോർ സൈക്കിളിലെത്തി വെട്ടി പരിക്കേൽപ്പിച്ചു എന്ന പരാതിപ്രകാരം പാലാ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലാ ടൗണിൽ സൗജന്യ നിയമസഹായ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്ന റെജിയുടെ പിതാവ് മുനിസിപ്പാലിറ്റിയിൽ അഴിമതി നടക്കുന്നതായി ആരോപിച്ച് നോട്ടീസുകൾ പ്രസിദ്ധീകരിക്കുകയും തൃശൂർ വിജിലൻസ് കോടതിയിൽ അന്യായം ഫയൽ ചെയ്യുകയും ചെയ്തതിൽ പാലാ മുനിസിപ്പൽ ചെയർപേഴ്സണും അവരുടെ ഭർത്താവിനും റെജിയുമായി വിരോധമുള്ളതായി പറഞ്ഞിരുന്നു. റെജിയെ ഉപദ്രവിച്ച കേസ്സന്വേഷണവുമായി ബന്ധപ്പെട്ട് ചിരപ്പു സജി എന്നയാളെ 14.3.2008-ൽ പോലീസ് അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തതിൽ പാലാ മുനിസിപ്പൽ ചെയർപേഴ്സന്റെ ഭർത്താവ് ഷാജി തുരത്തലിന്റെ നിർദ്ദേശപ്രകാരമാണ് നിരവധി കേസ്സിലെ പ്രതിയും കൂലിത്തല്ലുകാരനുമായ ആയിസജിയുടെ നേതൃത്വത്തിൽ വിൻസ്, ബൈജു, അജയ് മോൻ എന്നിവർ ചേർന്ന് റെജിയെ 3.5.2007-ൽ അക്രമിച്ചതെന്ന് പറഞ്ഞിരുന്നു. അറസ്റ്റ് ചെയ്ത ചിരപ്പു സജിയെ കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ആയി സജി മറ്റൊരു കേസ്സിൽ ഉൾപ്പെട്ട് വിയ്യൂർ സെൻട്രൽ ജയിലിലാണ്. മറ്റുപ്രതികളായ ഷാജു വി. തുരുത്തൻ, വിൻസ്, ബൈജു, അജയ് മോൻ എന്നിവർ ജയിലിലാണ്. ഇക്കാര്യത്തിൽ കോട്ടയം പോലീസ് സൂപ്രണ്ടിനോട് ആവശ്യമായ അന്വേഷണം നടത്താൻ നിർദ്ദേശിക്കാം.

### (6) മോഷണവും കവർച്ചയും

ശ്രീ. എം. മുരളി: മാവേലിക്കരയിലും പരിസരപ്രദേശത്തും അക്രമിസംഘങ്ങളും ക്വട്ടേഷൻ സംഘങ്ങളും മോഷണവും കവർച്ചയും പതിവാക്കിയിരിക്കുന്ന സാഹചര്യത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മാവേലിക്കരയിലും പരിസരപ്രദേശങ്ങളിലും നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ള അക്രമസംഭവങ്ങൾ സംബന്ധിച്ച് പോലീസ് ഫലപ്രദമായ അന്വേഷണം നടത്തുന്നുണ്ട്. കാലതാമസമില്ലാതെ കുറ്റവാളികളെ പിടികൂടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

### (7) മിനി പമ്പയിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കൽ

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : കുറ്റിപ്പുറത്ത് മിനി പമ്പയിൽ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കുറ്റിപ്പുറത്ത് മിനി പമ്പയിൽ ശബരിമല തീർത്ഥാടകരുടെ വിശ്രമത്തിനും പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനും പഞ്ചായത്താണ് താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ഈ പ്രദേശത്തെ മലിനീകരണപ്രശ്നം ഒഴിവാക്കുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കേണ്ടത് ആവശ്യമാണ്. നാഷണൽ ഹൈവേയുടെ അരികിലുള്ളതായി പറയപ്പെടുന്ന സർക്കാർ പുറംപോക്ക് ഭൂമി കംഫർട്ട് സ്റ്റേഷന് അനുയോജ്യമാണെന്ന് കണ്ടാൽ

പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് ടൂറിസം വകുപ്പിന് കൈമാറുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

## (8) റീഡർ തസ്തികയിലെ നിയമനം

ശ്രീ. കെ. സുധാകരൻ :കണ്ണൂർ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ, 2007 മാർച്ചിൽ നടന്ന റീഡർ നിയമനത്തിൽ ഗുരുതരമായ ക്രമക്കേടുകളും സ്വജനപക്ഷപാതവും നടന്നിരിക്കുന്നു. യു.ജി.സി. മാനദണ്ഡപ്രകാരം റീഡർ ആകാനുള്ള അടിസ്ഥാനയോഗ്യത യില്ലാത്തവരെയാണ് റീഡറായും എച്ച്.ഒ.ഡി ആയും നിയമിച്ചിരിക്കുന്നത്. അതിൽ വ്യാജ പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ പേരിൽ ഡോ. വി.ആർ. ദിനകർ എന്നയാളിന്റെ പേരിൽ ക്രിമിനൽ കേസും നിലവിലുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): വ്യാജ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ നിർദ്ദേശിക്കപ്പെട്ട യോഗ്യതകളില്ലാതെയോ ആരെങ്കിലും കേരളത്തിൽ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച് പരിശോധിച്ച് അവരെ സർവ്വീസിൽ നിന്ന് പുറത്താക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിക്കപ്പെട്ട ഡോ. വി.ആർ. ദിനകറിന്റെ കാര്യത്തിൽ ഇപ്പോൾത്തന്നെ കോടതിയിൽ കേസ്സുണ്ട്. ഇതു സംബന്ധിച്ച് പരാതി ലഭിച്ചയുടനെതന്നെ ബന്ധപ്പെട്ട സിൻഡിക്കേറ്റ് അംഗവും വൈസ് ചാൻസലറും പ്രൊ-വൈസ് ചാൻസലറും അടങ്ങുന്ന ഒരു സമിതിയെ പ്രസ്തുത വിഷയം പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ

റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കും ഹൈക്കോടതിയുടെ തീരുമാനം അനുസരിച്ചും മാതൃകാപരവും ശക്തവുമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) ഗ്രാമപഞ്ചായത്ത് ഓഫീസിനു മുമ്പിലെ ധർണ്ണ

ശ്രീ. എം. ഉമ്മർ: ബി.പി.എൽ. ലിസ്റ്റിന്റെ പേരിൽ സി.പി.ഐ (എം)-ന്റെ നേതാക്കളടക്കം മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് മാർച്ച് ചെയ്യുകയും എസ്.സി. വനിതാ മെമ്പർ ഉൾപ്പെടെ 5 പഞ്ചായത്ത് മെമ്പർമാരെ അടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് അവരിപ്പോൾ ആശുപത്രിയിൽ കഴിയുകയാണ്. ബി.പി.എൽ. ലിസ്റ്റിന്റെ പേരിൽ പഞ്ചായത്ത് മെമ്പർമാരേയും പഞ്ചായത്ത് പ്രസിഡന്റിനേയും പ്രവർത്തിക്കാൻ അനുവദിക്കാത്ത വിധത്തിൽ ബോധപൂർവ്വം സംഘർഷം ഉണ്ടാക്കുക പതിവാണ്. അവിടെ നടക്കുന്ന അക്രമം സംബന്ധിച്ച് ശക്തമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): മലപ്പുറം ജില്ലയിലെ വേങ്ങര പഞ്ചായത്ത് ഓഫീസിനു മുന്നിൽ 18.3.2008-ന് രാവിലെ ഒരു കൂട്ടം സി.പി.ഐ (എം) പ്രവർത്തകർ ബി.പി.എൽ. ലിസ്റ്റിലെ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ട് ധർണ്ണ നടത്തി. ആ സമയത്ത് പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുക്കാനെത്തിയ യു.ഡി.എഫ്. മെമ്പർമാരും ധർണ്ണയിൽ പങ്കെടുത്തവരും തമ്മിൽ പഞ്ചായത്ത് ഓഫീസിനു മുന്നിൽ വച്ച് പരസ്പരം വാക്കേറ്റവും കയ്യേറ്റവുമുണ്ടായി. തക്ക സമയത്ത് പോലീസ് ഇടപെട്ട് കൂടുതൽ സംഘർഷമുണ്ടാകാതെ ഇരുകൂട്ടരേയും പിൻതിരിപ്പിച്ചു. സംഭവത്തിന്റെ

പേരിൽ കിട്ടിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## (10) പട്ടുവം കുടിവെള്ള പദ്ധതി

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: കണ്ണൂർ ജില്ലയിലെ ഒരു മുനിസിപ്പാലിറ്റിക്കും ഏഴ് നഗരങ്ങൾക്കും 17 വില്ലേജുകൾക്കും ഗുണകരമാകുന്ന നിലയിൽ ജെ.ബി.ഐ.സി.യുടെ സഹായത്തോടുകൂടി നടപ്പാക്കുന്ന അഴീക്കോട് പട്ടുവം കുടിവെള്ള പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന രീതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും ചെറുകുന്ന് പഞ്ചായത്ത്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ജെ.ബി.ഐ.സി. യുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കുന്ന പട്ടുവം കുടിവെള്ള പദ്ധതിയുടെ കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന 67 കി.മീ. ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്കിൽ 21.57 കി.മീ. ചെറുകുന്നം പഞ്ചായത്തിൽ ഉൾപ്പെടുന്നുണ്ട്. അതിന്റെ വിതരണ ശൃംഖല ഭാഗീകമായി കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 19 കി.മീ. ദൈർഘ്യത്തിൽക്കൂടി വിതരണ ശൃംഖല സ്ഥാപി ക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയുള്ള അനുബന്ധ പ്രവൃത്തികളും ഡിസൈനും പൂർത്തിയായിട്ടുണ്ട്. ജെ.ബി.ഐ.സി. പദ്ധതിയുടെ കീഴിൽ ധനലഭ്യതയനുസരിച്ച് പൂർണ്ണമായും 19 കി.മീ. കൂടി വിതരണ ശൃംഖല സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (11) കണിയാപുരം-മുരുക്കുംപുഴ റോഡ് നവീകരണം.

ശ്രീ. എം. എ. വാഹീദ്: കണിയാപുരം-ചിറയിൻകീഴ് റോഡിന്റെ പണി മുരുക്കുംപുഴ വരെ പൂർത്തിയായിട്ടുണ്ടെങ്കിലും ടാർ ചെയ്യാൻ കഴിയാത്തതിനാൽ തകർന്ന് കിടക്കുകയാണ്. മെറ്റീരിയൽസെല്ലാം

ലഭ്യമാക്കിയിട്ടുള്ളതിനാൽ ടാർ ലഭ്യമാക്കുകയോ പാർട്ട് ബിൽ കൊടുക്കുകയോ ചെയ്ത് പ്രസ്തുത പണി എത്രയുംവേഗം തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): വ്യവസ്ഥാപിതമായ മാർഗ്ഗത്തിലെ മാനദണ്ഡമനുസരിച്ച് മാത്രമേ റോഡ് പണിയുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത റോഡ് പണിക്കാവശ്യമായ മെറ്റിരിയൽസ് സപ്ളൈ ചെയ്യുകയും വർക്ക് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം 15 ലക്ഷം രൂപയിൽ കൂടുതൽ അടങ്കൽ തുകയ്ക്കുള്ള പണികൾ കോൺട്രാക്ടർ സ്വന്തമായി ടാർ വാങ്ങി പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 13.2.2008-ൽ 22.49 ലക്ഷം രൂപയ്ക്കുള്ള ആദ്യത്തെ പാർട്ട് ബില്ലിന്റെ പേയ്മെന്റ് നടത്തുന്നതിനുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. എത്രയുംവേഗം കണിയാപുരം-ചിറയിൻകീഴ് റോഡിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (12) നിർദ്ദിഷ്ട കാഷ്യൂ ബോർഡ്

ശ്രീ. കെ. സി. ജോസഫ്: കൃഷിക്കാരുടെ ക്ഷേമത്തിനുവേണ്ടി കൊണ്ടുവന്ന കാഷ്യൂ ബോർഡിന്റെ ആസ്ഥാനം കണ്ണൂരിൽ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി ( ശ്രീ. പി. കെ. ഗുരുദാസൻ): ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കശുവണ്ടിയുടെ 648-ഓളം സംസ്ക്കരണ ഫാക്ടറികളും 150-ഓളം ഫാക്ടറി യൂണിറ്റുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതിൽ 637 ഫാക്ടറികൾ കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളി

ലാണ് സ്ഥിതി ചെയ്യുന്നത്. കശുവണ്ടി സംസ്ക്കരണ മേഖലയിലെ വ്യാപാരികളും കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നവരും കൊല്ലം ജില്ലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കേരളത്തിൽ സംസ്ക്കരിക്കുന്ന കശുവണ്ടിയുടെ 98 ശതമാനവും ഈ മേഖലയിലായതിനാൽ കൊല്ലം ജില്ല കേന്ദ്രീകരിച്ച് ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന് കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് പഠനം നടത്താൻ കേന്ദ്ര വാണിജ്യ വകുപ്പ് നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ 4 ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ജീവിതമാർഗ്ഗമായ തോട്ടണ്ടി ഉൽപ്പാദനം വർഷംകഴിയുന്തോറും ഇടിഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കശുമാവ് കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാന ഗവണ്മെന്റ് രൂപീകരിച്ച പ്രത്യേക ഏജൻസി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അതിന്റെ ആസ്ഥാനം കൊല്ലത്തുതന്നെയായിരിക്കണമെന്ന് കേരളത്തിലെ ട്രേഡ് യൂണിയൻ സംഘടനകൾ കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വ്യവസായ വികസനവും കൃഷിയുടെ വ്യാപനവും ലക്ഷ്യമാക്കിയാണ് കാഷ്യൂ ബോർഡ് രൂപീകരിക്കുന്നത്.

### (13) <u>ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

<u>ശ്രീ. വർക്കല കഹാർ</u>: ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അനുവദിച്ച കേന്ദ്ര ഗവണ്മെന്റ് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള സമയപരിധി കഴിഞ്ഞതിനാൽ അപേക്ഷിക്കാൻ കഴിയാത്ത അർഹരായ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതിന് ഗവണ്മെന്റ് തയ്യാറാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി):</u> ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര ഗവണ്മെന്റിന്റെ

സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അവസാന തീയതി 2008 ജനുവരി 31 എന്നായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നുവെങ്കിലും അത് ശ്രദ്ധിക്കാനായില്ലെന്നും അതിനാൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം നീട്ടിത്തരണമെന്നും വിദ്യാർത്ഥികളും രക്ഷകർത്താക്കളും ആവശ്യപ്പെട്ടതനുസരിച്ച് 2008 ഫെബ്രുവരി 29 വരെ കാലാവധി നീട്ടിക്കൊടുത്തു. അതിനുശേഷവും അറിഞ്ഞില്ലെന്ന് പറയുന്നത് ന്യായീകരിക്കാൻ കഴിയുന്നതല്ല. സ്കോളർഷിപ്പിനുവേണ്ടി ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പുതിയ കുറേ കുട്ടികൾക്കുകൂടി സ്കോളർഷിപ്പ് കൊടുക്കാൻ കേന്ദ്ര ഗവണ്മെന്റ് ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നു. അപേക്ഷിക്കാൻ പറ്റാത്ത സാഹചര്യം കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയാൽ മാത്രമേ തീയതി നീട്ടാൻ സാധിക്കൂ. അപേക്ഷിക്കാൻ കഴിയാത്തവർക്ക് അടുത്ത വർഷം വീണ്ടും അപേക്ഷിക്കാവുന്നതാണ്.

### (14) ആര്യനാട് പ്രദേശത്തെ പാലങ്ങളുടെ നിർമ്മാണം

ശ്രീ. ജി. കാർത്തികേയൻ: ആര്യനാട് നിയോജകമണ്ഡലത്തിൽ കാട്ടാക്കടയിലെ കീഴാറൂർക്കടവ് പാലത്തിന്റെയും നബാർഡിന്റെ കീഴിലുള്ള പരുത്തിക്കുഴി പാലത്തിന്റെയും പണികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): 2006-ൽ 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കീഴാറൂർക്കടവ് പാലം പണിക്കുവേണ്ടി പല പ്രാവശ്യം ടെന്റർ ചെയ്തുവെങ്കിലും കരാറുകാരന് അനുവദിച്ച നിരക്ക് അംഗീകരിക്കാതെ ഇ.എം.ഡി. വാങ്ങി തിരികെപ്പോയി എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് പ്രസ്തുത വർക്ക് വീണ്ടും റീ-ടെന്റർ ചെയ്യാൻ ഗവണ്മെന്റ് നിർബന്ധിതമായിരിക്കുകയാണ്. പുതുക്കിയ

നിരക്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കാൻ ചീഫ് എൻജിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്: എത്രയും വേഗം പണി തുടങ്ങുന്നതായിരിക്കും. നബാർഡ് ആർ.ഐ.ഡി.എഫ്-XII-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പരുത്തിക്കുഴി പാലം പണിക്ക് മൂന്നര ലക്ഷം രൂപയുടെ ഭരണാനുമതിയും 192.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെന്റർ ക്ഷണിച്ച് ഫിനാൻഷ്യൽ ബിഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (15) വാദ്യ കലാകാരന്മാർക്ക് ക്ഷേമനിധി

പ്രൊഫസർ സി. രവീന്ദ്രനാഥ്: വാദ്യ കലാകാരന്മാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വളരെ പരിമിതമായതിനാൽ അവർക്ക് ഇ.എം.എസ്. ദിനത്തിൽത്തന്നെ ക്ഷേമനിധി ഏർപ്പെടുത്താനുള്ള നടപടികൾക്ക് തുടക്കം കുറിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : വാദ്യ കലാകാരന്മാരുൾപ്പെടെ സംസ്ഥാനത്തെ വ്യത്യസ്ത മേഖലകളിൽ മികച്ച സംഭാവന നൽകിയ അവശകലാകാരന്മാർക്കായുള്ള പെൻഷൻ നൽകേണ്ട അംഗസംഖ്യയുടെ എണ്ണം 1500-ൽ നിന്ന് 2500 ആയും പെൻഷൻ തുക 550 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അവശകലാകാരന്മാർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ചലച്ചിത്ര അക്കാഡമി സെക്രട്ടറി കൺവീനറായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് കിട്ടിയാൽ തൊഴിൽ വകുപ്പുമായി ആലോചിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്.

## (16) കുട്ടനാട് കാർഷിക പാക്കേജ്

ശ്രീ. കെ.കെ. ഷാജു : കുട്ടനാട്ടിലെ ഓണാട്ടുകര, പൊക്കാളി തുടങ്ങിയ മേഖലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ഡോ: സ്വാമിനാഥൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന 1840 കോടി രൂപയുടെ കുട്ടനാട് കാർഷിക പാക്കേജിൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സംസ്ഥാന ഗവൺമെന്റും കുട്ടനാട്ടിലെ ജനപ്രതിനിധികളും കർഷക സംഘടനാ നേതാക്കളും വിദഗ്ദ്ധരും ചേർന്ന് ഡോ. സ്വാമിനാഥൻ ഫൗണ്ടേഷൻ അംഗങ്ങളുമായി നിരവധി തവണ ചർച്ച നടത്തി. ഇടക്കാല റിപ്പോർട്ടുമായി ബന്ധപ്പെട്ട് പല വേദികളിലും ചർച്ച നടന്നു. സംസ്ഥാന ഗവൺമെന്റിന്റെ ആക്ഷൻ പ്ളാനാണ് ഇപ്പോൾ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചത്. സംസ്ഥാനത്തെ എല്ലാ ജനപ്രതിനിധികളും ഇത് നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയാണ്. എത്രയും പെട്ടെന്ന് ഇത് നടപ്പാക്കുന്നതിന് ആവശ്യമായ അനുമതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (17) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഡിവിഷൻ ഓഫീസ്

ശ്രീ. കെ.വി. കുഞ്ഞിരാമൻ: 80 കിലോമീറ്റർ കടൽത്തീരമുള്ള കാസർകോഡ് ജില്ലയിലെ തീരപ്രദേശങ്ങളിൽ കഴിഞ്ഞ ഒന്നുരണ്ട് വർഷത്തിനിടയിൽ ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, കുടിവെള്ള പദ്ധതി, റോഡ് നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിന് നിർദ്ദേശങ്ങളുണ്ടായെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കണ്ണൂർ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് ഡിവിഷൻ ഓഫീസിന്റെ കീഴിലുള്ള ഒരു സെക്ഷൻ ഓഫീസ് മാത്രമാണുള്ളത്.

അതുകൊണ്ട് കാസർകോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ ഒരു ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): കാസർകോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഒരു സെക്ഷൻ ഓഫീസാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കസബ കടപ്പുറത്തും ചെറുവത്തൂരിലും ഈ വർഷംതന്നെ കേന്ദ്ര സഹായ പദ്ധതിയിൻ കീഴിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മഞ്ചേശ്വരം ഹോസ്ബൽ കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ വർക്കുകൾ, കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റിയുടെ വർക്കുകൾ എന്നിവ ഈ സാമ്പത്തിക വർഷം ഏറ്റെടുത്ത് നടത്തുന്നുണ്ട്. വരുന്ന സാമ്പത്തികവർഷം നിരവധി വർക്കുകൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. കാസർകോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഒരു ഡിവിഷൻ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. 5.2.2008-ലെ ഉത്തരവ് പ്രകാരം 15 തസ്തികകളടങ്ങുന്ന ഒരു സബ് ഡിവിഷൻ ഓഫീസ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി അനുവദിച്ച സബ് ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനം ഏപ്രിൽ മാസം ആരംഭിക്കുന്നതാണ്.

### (18) ആനകളെ എഴുന്നള്ളത്തിന് ഉപയോഗിക്കൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : തൃശ്ശൂർ പൂരത്തിലെ എഴുന്നള്ളിപ്പിന്റെ സമയ നിശ്ചയവും ആനകളെ പരസ്പരം 4 കിലോമീറ്റർ അകലത്തിൽ അണിനിരത്തണമെന്നതും അപ്രായോഗികമായ നിർദ്ദേശങ്ങളാണ്. തൃശ്ശൂർപൂരം അടക്കമുള്ള ഉൽസവങ്ങൾ പരമ്പരാഗതമായ രീതിയിൽത്തന്നെ നടത്തുന്ന

തിന് കോടതിയെ ആശ്രയിക്കാതെ ഗവൺമെന്റ് മുൻകയ്യെടുത്ത് പ്രായോഗിക സംവിധാനമുണ്ടാക്കി ജനങ്ങളുടെ ഉത്കണ്ഠ അവസാനിപ്പിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): തൃശ്ശൂർപൂരം അടക്കമുള്ള എല്ലാ പൂരങ്ങളും ആദരവോടെയാണ് ഗവൺമെന്റ് കാണുന്നത്. ആനകളെ പീഡിപ്പിക്കുന്നതിന് പരിഹാരമുണ്ടാക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. 2003-ലെ നാട്ടാന പരിപാലന ചട്ടം നടപ്പാക്കാൻ ഗവൺമെന്റ് എല്ലാപേരുടെയും സഹായം തേടുകയാണ്. ക്ഷേത്ര കമ്മിറ്റികൾ, ആനകളുടെ ഉടമസ്ഥർ തുടങ്ങി ബന്ധപ്പെട്ട എല്ലാപേരും സഹകരിച്ചാൽ ചട്ടം നല്ല രീതിയിൽ നടപ്പാക്കാൻ സാധിക്കും. ചട്ടം കർശനമായി പാലിക്കണമെന്നാണ് ഗവൺമെന്റിനോട് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. തൃശ്ശൂർപൂരം അടക്കമുള്ള പൂരങ്ങളുടെ നടത്തിപ്പിന് അനുകൂലമായ രീതിയിൽ ചട്ടം നടപ്പാക്കണമെന്ന ഗവൺമെന്റിന്റെ മനോഭാവം കോടതിയെ അറിയിക്കും.

### (19) ചാലക്കുടി റിഫ്രാക്ടറീസിന്റെ സ്ഥലം ഏറ്റെടുക്കൽ

ശ്രീ. ബി.ഡി. ദേവസ്സി: പൊതുമേഖലാ സ്ഥാപനമായ ചാലക്കുടി റിഫ്രാക്ടറീസ് 1994 മുതൽ പ്രവർത്തനരഹിതമായതിനാൽ പ്രസ്തുത സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം മറ്റ് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനോ പൊതു ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നതിനോ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 13.3.2008-ൽ ബന്ധപ്പെട്ട എം.എൽ.എ. ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ 14 വർഷമായി പ്രവർത്തനം നിലച്ച ചാലക്കുടി റിഫ്രാക്ടറീസ് സ്ഥിതി ചെയ്തിരുന്ന 3 ഏക്കർ 40 സെന്റ് സ്ഥലം വ്യവസായ ഉപയോഗത്തിന് ഫലപ്രദമല്ലെന്നും പൊതു ആവശ്യത്തിന് ഉപയോഗിക്കുന്നതാണ് ഉചിതമെന്നുമുള്ള ധാരണയിലെത്തിയിരുന്നു.

ചാലക്കുടി മുനിസിപ്പാലിറ്റി പ്രസ്തുത സ്ഥലം വിട്ടുകിട്ടണമെന്ന് പറഞ്ഞ് തന്നിരിക്കുന്ന നിവേദനം ഗവൺമെന്റ് വിശദമായി പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(20) ആയുർവ്വേദ ഡിസ്പൻസറി**

ശ്രീ. ടി.എൻ. പ്രതാപൻ: എം.പി. ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചിട്ട് മൂന്ന് വർഷമായ തൃശ്ശൂർ ഇടത്തുരുത്തി പഞ്ചായത്തിലെ ചെന്ത്രാപ്പിന്നിയിൽ ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്ത് ആയുർവേദ ഡിസ്പെൻസറികളില്ലാത്ത 234 ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് ഇടത്തുരുത്തി. കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണെന്നതിനാൽ സെൻട്രൽ ഗവൺമെന്റിൽനിന്ന് കിട്ടുന്ന ഫണ്ട് ഉപയോഗിച്ച് ആവശ്യമായത് ചെയ്യാം. താൽക്കാലികമായി ഒരു ഡോക്ടറേയും ഒരു നഴ്സിനെയും നിയമിച്ച് ആവശ്യമായ മരുന്നും അനുവദിച്ച് അവിടെ ഡിസ്പെൻസറി തുറന്ന് പ്രവർത്തിപ്പിക്കാം.

**(21) ജീവനക്കാരുടെ അപര്യാപ്തതമൂലം പരീക്ഷാഫലം വൈകൽ**

ശ്രീ. എം. ഹംസ: കോഴിക്കോട് സർവ്വകലാശാലയിൽ മതിയായ ജീവനക്കാരില്ലാത്തതുമൂലം പരീക്ഷാഫലം യഥാസമയം പുറപ്പെടുവിക്കാൻ സാധിക്കാത്തതിനാൽ മതിയായ ജീവനക്കാരെ നിയമിച്ച് പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കൃത്യസമയത്ത് പരീക്ഷകൾ നടത്തുന്നതിന് ഉത്തരവാദിത്തബോധമുള്ള ജീവനക്കാർ ആവശ്യമാണ്. കോഴിക്കോട് സർവ്വകലാശാലയിൽ 750

അസിസ്റ്റന്റുമാരുടെ തസ്തികയുള്ളതിൽ 436 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. പ്രീഡിഗ്രി വേർപെടുത്തിയപ്പോൾ 2002-നുള്ളിൽ വർക്ക് സ്റ്റഡി പൂർത്തീകരിച്ച് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നടത്താനാണ് സർവ്വകലാശാലകൾക്ക് അനുമതി നൽകിയത്. കോഴിക്കോട് സർവ്വകലാശാല ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഇതിനിടയ്ക്ക് ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ചില കേസ്സുകൾ കോടതികളിൽ തുടരുന്നതിനാൽ താൽക്കാലികാടിസ്ഥാനത്തിലും ഡൈ-ഇൻ-ഹാർനസ്സിലും കുറേ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഗൗരവമായ ഈ സ്ഥിതിവിശേഷത്തിന് കഴിയുന്നതുംവേഗം പരിഹാരം ഉണ്ടാക്കുന്നതാണ്.

## (22) ആലപ്പുഴ-പമ്പ പാതയുടെ പുനർനിർമ്മാണം

പ്രൊഫസർ എൻ. ജയരാജ്: 130-ഓളം കിലോമീറ്റർ ദൈർഘ്യമുള്ള ആലപ്പുഴ-പമ്പ പാത പി.ഡബ്ള്യു.ഡി.യുടെ കീഴിലാണെങ്കിലും പല സ്ഥലങ്ങളിലും നിലവാരം കുറഞ്ഞ ടാറിംഗാണ് നടത്തിയിട്ടുള്ളത്. നിലവാരമുള്ള ടാറിംഗ് നടത്തിയാൽ ശബരിമല തീർത്ഥാടനത്തിനും ടൂറിസം വികസനത്തിനും പ്രയോജനപ്പെടുന്ന ഈ പാത അപ്-ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ് : ആലത്തൂർ മുതൽ കറുകച്ചാൽവരെയുള്ള പാത ശബരിമല തീർത്ഥാടനത്തിന് ഉപയോഗിക്കുന്ന വിധത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ-പമ്പ റോഡിന്റെ ഭാഗമായ 16.2 കിലോമീറ്റർ ദൈർഘ്യമുള്ള കറുകച്ചാൽ-മണിമല-റാന്നി റൂട്ടിൽ 5 കിലോമീറ്റർ ദൂരം മെച്ചപ്പെട്ട ടാറിംഗ് പൂർത്തിയായിട്ടുണ്ട്. അടുത്ത 5 കിലോമീറ്റർ ദൂരം ടാറിംഗ് പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ശേഷിക്കുന്ന 6.2 കിലോമീറ്റർ ദൂരം കൊടുംവളവുകളാണ്. ഈ വളവുകൾ നിവർത്തി

അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിഗണിക്കാൻ കഴിയുമോയെന്നത് സർക്കാർ പരി ശോധിക്കുന്നതാണ്. ശബരിമല തീർത്ഥാടകരുടെ പ്രയോജനവും ടൂറിസത്തിന്റെ പ്രാധാന്യവും കണക്കിലെടുത്ത് ആലപ്പുഴ-പമ്പ റോഡിന്റെ കറുകച്ചാൽ-മണിമല-റാന്നി-വടശ്ശേരിക്കര ഭാഗത്തിന്റെ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ പൊതുമരാമത്ത് ചീഫ് എഞ്ചിനീയറെ (റോഡ്സ് ആന്റ് ബ്രിഡ്ജസ്) ചുമതലപ്പെടുത്തുന്ന താണ്.

### (23) പണ്ടപ്പിള്ളി പ്രാഥമികാരോഗ്യകേന്ദ്രം സി.എച്ച്.സി. ആക്കണമെന്ന ആവശ്യം.

ശ്രീ. ബാബു പോൾ: മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിലെ രോഗികൾക്ക് പ്രയോജനം ലഭിക്കുന്ന പണ്ടപ്പിള്ളി പ്രാഥമികാരോഗ്യകേന്ദ്രം സി.എച്ച്.സി. ആയി ഉയർത്തി കൂടുതൽ രോഗികളെ ചികിൽസിപ്പിക്കാനും കൂടുതൽ വിഭാഗങ്ങൾ ആരംഭിച്ച് പ്രവർത്തിപ്പിക്കാനു മാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മൂവാറ്റുപുഴ താലൂക്കിലെ പണ്ടപ്പിള്ളി ബ്ളോക്ക് പി.എച്ച്.സി.-യുടെ കീഴിൽ 6 മിനി പി.എച്ച്.സി.-കളും ഒല്ലൂർക്കടവ് ഗവണ്മെന്റ് ആശുപത്രിയും പ്രവർത്തിക്കുന്നു. 24 കിടക്കകളുള്ള ഈ അശുപത്രിയിൽ 10 ബെഡ്ഡിൽ മാത്രമേ രോഗികൾ ഉള്ളൂ. ഈ സ്ഥാപനത്തെ സി.എച്ച്.സി. ആയി ഉയർത്തുന്നതിന് പുതിയ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണ്ടിവരും. ബ്ളോക്ക് പി.എച്ച്.സി.-കൾ

സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യാനുള്ള സാധ്യത ഭാവിയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

### (24) വള്ളംകുളം പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ തിരുവല്ല- കോഴഞ്ചേരി റോഡിലെ വള്ളംകുളം പാലത്തിന്റെയും നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന കാവനാൽക്കടവ്, വലിയച്ചാൽ, പടുതോട് എന്നീ പാലങ്ങളുടെയും പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): വള്ളംകുളം പാലത്തിന്റെ കാര്യത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയും 250 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് എ.എസ്. കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കാവനാൽക്കടവ്, വലിയച്ചാൽ, പടുതോട് എന്നീ പാലങ്ങളുടെ മുടങ്ങിക്കിടക്കുന്ന പണി പുനരാരംഭിക്കാൻ ആവശ്യമായ തുടർ പ്രവർത്തനങ്ങൾക്കും നടപടി സ്വീകരിക്കുന്നതാണ്.

### (25) പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി.: യൂറോപ്യൻ രാജ്യങ്ങളിൽനിന്ന് 40 ഇനം മൽസ്യം ഇറക്കുമതി ചെയ്യാനുള്ള കരാർ മൽസ്യമേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. 16 ഇനം മൽസ്യങ്ങൾ മോസ്റ്റ് സെൻസിറ്റീവ് ലിസ്റ്റിലും ബാക്കി സെൻസിറ്റീവ് ലിസ്റ്റിലും ഉൾപ്പെടുത്തി ഇറക്കുമതിയിൽനിന്ന് ഒഴിവാക്കാനുള്ള നീക്കം സംസ്ഥാന സർക്കാർ

ആരംഭിച്ചുവെങ്കിലും അതു സംബന്ധിച്ച തീരുമാനം ആയിട്ടില്ല. സംരക്ഷിത മേഖലയിൽ തീരുവ വർദ്ധിപ്പിച്ച് ഇറക്കുമതി നിരുൽസാഹപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. കയറ്റുമതി ചെയ്യാൻ ഉതകുന്ന വിധം ഗുണമേന്മയുള്ള മൽസ്യം ലഭ്യമാക്കുന്നതിന് ബ്രീഡിംഗിൽ നവീകരണ ആശയങ്ങൾ ഉൾക്കൊള്ളണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> മൽസ്യ ഇനങ്ങൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന സ്വതന്ത്ര വ്യാപാര കരാറിൽ ഇൻഡ്യ ഏർപ്പെടുന്നതുമായി ബന്ധപ്പെട്ട് ഉഭയകക്ഷി ചർച്ചകൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടൻ സംസ്ഥാനത്ത് ലഭിക്കുന്ന മൽസ്യ ഇനങ്ങൾ ഇറക്കുമതി ചെയ്യുന്നത് മൽസ്യ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് പ്രധാനമന്ത്രിയേയും കേന്ദ്ര വാണിജ്യ-കൃഷി വകുപ്പുമന്ത്രിമാരേയും നേരിട്ടും രേഖാമൂലവും മുഖ്യമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും അറിയിച്ചിട്ടുണ്ട്. കേരള തീരത്ത് ലഭിക്കുന്ന 40 ഇനം മൽസ്യങ്ങളാണ് ഇറക്കുമതി പട്ടികയിൽ ഉണ്ടായിരുന്നത്. ഈ പട്ടികയിലെ 40 ഇനങ്ങളെ സെൻസിറ്റീവ് ലിസ്റ്റിലും 16 ഇനങ്ങളെ സൂപ്പർ സെൻസിറ്റീവ് ലിസ്റ്റിലും ഉൾപ്പെടുത്തി ഇറക്കുമതിയിൽ നിന്ന് ഒഴിവാക്കണമെന്നാണ് സംസ്ഥാന ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്. യുറോപ്യൻ യൂണിയനുമായി ഉണ്ടാക്കുന്ന സ്വതന്ത്ര വ്യാപാര കരാറിൽ ഉൾപ്പെടുന്ന ഇനങ്ങളെ നെഗറ്റീവ് ലിസ്റ്റിലും ഓപ്പൺ ലിസ്റ്റിലും ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള തീരത്ത് ലഭിക്കുന്ന മൽസ്യ ഇനങ്ങളെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചത് ഒരു പരിധിവരെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസകരമാണ്. മൽസ്യ ഇറക്കുമതി

പൂർണ്ണമായും തടയുന്നതിനുള്ള നിലപാട് സംസ്ഥാന ഗവണ്മെന്റ് ഇനിയും തുടരുന്നതാണ്.

**(26) എ.പി.എൽ. വിഭാഗത്തിന് റേഷൻ അരിയുടെ അളവ് കുറച്ച സംഭവം.**

ശ്രീ. പി.കെ. അബ്ദുറബ്ബ്: പൊതു വിപണിയിൽ അരിയുടെ വില വർദ്ധിച്ച സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ എ.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് നൽകുന്ന അരിയുടെ വിഹിതം കുറച്ച നടപടി പിൻവലിച്ച് മറ്റ് ജില്ലകളിൽ നൽകുന്നതുപോലെ അർഹതപ്പെട്ട ക്വാട്ട അനുവദിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനത്തിന് നൽകേണ്ട അരി വിഹിതം വെട്ടിക്കുറച്ചതുമൂലം എ.പി.എൽ. വിഭാഗത്തിന് അർഹതപ്പെട്ട അരിയും ഗോതമ്പും കൊടുക്കാൻ കഴിയുന്നില്ല. മലപ്പുറം ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകി എ.പി.എൽ. കാർഡുകാർക്ക് മറ്റു ജില്ലകളിൽ കൊടുക്കുന്ന അതേ നിലവാരത്തിൽത്തന്നെ അരിയും ഗോതമ്പും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(27) മദ്രസാ അദ്ധ്യാപകർക്ക് ക്ഷേമനിധി**

ശ്രീ. എ.എം. യൂസഫ്: മുസ്ലീം പള്ളികളിലെ ഇമാം, മുല്ലാക്കാ എന്നിവരെക്കൂടി മദ്രസാ അദ്ധ്യാപകർക്ക് നടപ്പാക്കുന്ന ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കേരളത്തിലെ ഒന്നര ലക്ഷത്തോളം വരുന്ന മദ്രസാ അദ്ധ്യാപകരുടെ ജീവിത നിലവാരം കണക്കിലെടുത്ത് ഒരു ക്ഷേമനിധി

ഏർപ്പെടുത്താനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ആ ക്ഷേമനിധിയിൽ മറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം തൽക്കാലം പരിഗണിക്കാൻ കഴിയുന്നതല്ല.

**(28) കാരായ്മ പട്ടയം ലഭിച്ചവർക്ക് സൗകര്യാവകാശങ്ങൾ ലഭ്യമാക്കൽ**

ശ്രീ. എ. പ്രദീപ് കുമാർ: കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം ഉറപ്പാക്കുന്നതിനായി പാസ്സാക്കിയ ഭേദഗതി നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ച് കോടതി റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ അവരുടെ പട്ടയങ്ങൾ റദ്ദാക്കിയതിനാൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് കാരായ്മക്കാരുടെ കൈവശമുള്ള ഭൂമി ജന്മിമാർ കയ്യേറുന്നത് തടയുന്നതിനും അവർക്ക് കൈവശാവകാശം കിട്ടുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം ഭൂ ഉടമകളായ ജന്മിമാർ കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സുകൾ അടിയന്തിരമായി സ്റ്റേ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കണം. ഇതിനുവേണ്ടി പുതിയ ഭേദഗതി നിയമം കൊണ്ടുവന്ന് ഉടൻ തന്നെ ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്തി സംരക്ഷണം ഉറപ്പുവരുത്തണം. ഇതിനായി റവന്യൂ വകുപ്പുമന്ത്രി, അഡ്വക്കേറ്റ് ജനറൽ, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതി വിളിച്ചുകൂട്ടണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാരായ്മകുടിയാന്മാർ എന്നതിന്റെ നിർവ്വചനത്തിന് വിശദീകരണവും പ്രൊവിഷനും ഉൾപ്പെടുത്തിക്കൊണ്ട് ഭൂ പരിഷ്ക്കരണ നിയമം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ 24-1-89-ൽ കാരായ്മകുടിയാനോ അയാളിൽ നിന്ന് അവകാശം സിദ്ധിച്ചതോ ആയ ആളിന്റെ കൈവശത്തിലും

അനുഭവത്തിലുമുളള ഭൂമി കോർപ്പറേഷനിൽ മൂന്നും മുനിസിപ്പാലിറ്റിയിൽ അഞ്ചും പഞ്ചായത്തിൽ പത്തും സെന്റ് എന്ന പരിധിക്ക് വിധേയമായി മാത്രമേ കാരായ്മയ്ക്കായി പരിഗണിക്കൂ. കാരായ്മകുടിയാന്മാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ 24-1-1989 എന്നത് 1-1-1970 എന്ന് ചേർത്തും കാരായ്മകുടിയാന്റെ വിശദീകരണത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചും കേരള ഭൂ പരിഷ്ക്കരണ നിയമം 1999-ൽ ഭേദഗതി ചെയ്തെങ്കിലും പ്രസ്തുത നിയമം മൗലികാവകാശങ്ങൾക്ക് വിരുദ്ധമാണെന്ന് ഹൈക്കോടതി വിധിച്ച സാഹചര്യത്തിൽ 1999-ലെ ഭേദഗതി നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയാലും സാധുത ലഭിക്കുകയില്ല. ഈ സാഹചര്യത്തിൽ കാരായ്മകുടിയാന്മാരുടെ പ്രശ്നം പരിഹരിക്കുന്നതിനായി നിയമപരമായി സ്വീകരിക്കേണ്ട നടപടിയെക്കുറിച്ച് അഡ്വക്കേറ്റ് ജനറലിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കി ആവശ്യമായ നിയമഭേദഗതി കൊണ്ടുവരുന്നതിന് ഗവണ്മെന്റ് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

### (29) <u>പെരിങ്ങളത്തെ കൃഷിനാശം</u>.

<u>ശ്രീ. കെ.പി. മോഹനൻ:</u> പെരിങ്ങളത്തെ വിവധ പ്രദേശങ്ങളിൽ കഴിഞ്ഞ മൂന്ന് ദിവസങ്ങളിലുണ്ടായ കാറ്റിലും മഴയിലുംപെട്ട് തകർന്നുപോയ വീടുകൾക്കും നാശം സംഭവിച്ച കാർഷിക വിളകൾക്കും അടിയന്തിര ധന സഹായം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> വേനൽമഴയിൽ പെരിങ്ങളം മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ എടുത്തു കൊണ്ടിരിക്കുകയാണ്. 23 വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്കും ഭവനങ്ങൾക്ക്

കേടുപാട് സംഭവിച്ചവർക്കും അർഹമായ സാമ്പത്തികസഹായം ഏറ്റവും വേഗം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(30) സംസ്കൃത പരീക്ഷയുടെ നോട്ടിഫിക്കേഷൻ.**

ശ്രീ. എം.കെ. പ്രേംനാഥ്: 2008-ലെ സംസ്കൃത പരീഷയുടെ നോട്ടിഫിക്കേഷൻ അടിയന്തിരമായി പ്രസിദ്ധികരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സംസ്കൃതത്തിൽ ബിരുദം നേടിയവർ ആവശ്യത്തിന് ഇല്ലാതിരുന്ന സാഹചര്യത്തിൽ ആരംഭിച്ച സംസ്കൃത പരീക്ഷയ്ക്ക് വേണ്ടത്ര നിലവാരമില്ല എന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്. പരീക്ഷയുടെ നടത്തിപ്പ് സംബന്ധിച്ച പരാതികളും സിലബസ് സംബന്ധിച്ച കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ട് തരാൻ എസ്.സി.ഇ.ആർ.ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്.

**(31) ജലഗതാഗത വകുപ്പിന്റെ ശോചനീയാവസ്ഥ.**

പ്രൊഫ. കെ.വി. തോമസ്: കുട്ടനാട്ടിലും കൊച്ചിയിലുമുള്ള ലക്ഷക്കണക്കിന് ആളുകൾ യാത്ര ചെയ്യുന്ന ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾക്ക് ക്ളിയറൻസ് കൊടുക്കാനും ജലഗതാഗത നിയമത്തിൽ മാറ്റം വരുത്തി പ്രസ്തുത വകുപ്പിൽ വേക്കന്റായിട്ടുള്ള പ്രധാനപ്പെട്ട പോസ്റ്റുകൾ ഫിൽ ചെയ്യാനും നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ജലഗതാഗത വകുപ്പിൽ മുഴുവൻ സമയ ഡയറക്ടറുടെയും മെക്കാനിക്കൽ എൻജിനീയർമാരുടെയും സേവനം ഇപ്പോൾ ലഭ്യമല്ല. ബോട്ടുകളുടെ റിപ്പയർ സമയബന്ധിതമായി

നടത്താനുളള നടപടി സ്വീകരിക്കുന്നുണ്ട്. 2007-08-ൽ 14 ബോട്ടുകൾ മേജർ റിപ്പയർ ചെയ്തിട്ടുണ്ട്. 9 ബോട്ടുകൾ വകുപ്പിലെ ജീവനക്കാരെ ഉപയോഗിച്ചും 5 ബോട്ടുകൾ ലേബർ കോൺട്രാക്ട് അടിസ്ഥാനത്തിലും റിപ്പയർ ചെയ്തിട്ടുണ്ട്. കൂടാതെ ദൈനംദിനം വരുന്ന റിപ്പയറുകൾ സമയബന്ധിതമായി നടത്തി ബോട്ടുകളെ സർവ്വീസ് യോഗ്യമാക്കിയിട്ടുണ്ട്. ഡയറക്ടറുടെയും മെക്കാനിക്കൽ എൻജിനീയറുടെയും പോസ്റ്റ് നികത്തുന്നതിനുവേണ്ടി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാനുളള നടപടി സ്വീകരിക്കുന്നതാണ്.

**(32) <u>പടിഞ്ഞാറേക്കര സർവ്വീസ് സഹകരണ ബാങ്കിലെ തെരഞ്ഞെടുപ്പ്</u>**

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: വയനാട് ജില്ലയിലെ പടിഞ്ഞാറേക്കര സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ 6 'ബി' രജിസ്റ്റർ സൂക്ഷിക്കാതിരിക്കുകയും യഥാർത്ഥ വോട്ടർമാരെ വോട്ട് ചെയ്യാൻ അനുവദിക്കാതെ വ്യാജ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് സി.പി.ഐ.(എം) പ്രവർത്തകർ വോട്ട് ചെയ്യുകയും ബഹളമുണ്ടാക്കുകയും ചെയ്തതിനെത്തുടർന്ന് റിട്ടേണിംഗ് ഓഫീസർ തെരഞ്ഞെടുപ്പ് നിറുത്തിവയ്ക്കുകയുണ്ടായി. പോളിംഗ് ബൂത്തിൽ 6 'ബി' രജിസ്റ്റർ സൂക്ഷിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും നീതിയുക്തവും നിഷ്പക്ഷവുമായി എത്രയും വേഗം തെരഞ്ഞെടുപ്പ് നടത്താൻ നടപടി സ്വീകരിക്കുകയും യു.ഡി.എഫ്. പ്രവർത്തകരുടെ പേരിലുളള മുഴുവൻ കളളക്കേസുകളും പിൻവലിക്കുകയും കളളവോട്ടുചെയ്യുകയും ആക്രമണം നടത്തുകയും ചെയ്ത സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. കെ.സി. കുഞ്ഞിരാമൻ: ഹൈക്കോടതിയുടെ നിർദ്ദേശത്തോടു കൂടി നടത്തിയ പടിഞ്ഞാറേക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പിന് വ്യാജ ഐഡന്റിറ്റി കാർഡുമായി വോട്ടുചെയ്യാൻ ശ്രമിച്ച 800-ലധികം വരുന്ന മുസ്ലീംലീഗ് പ്രവർത്തകരെ റിട്ടേണിംഗ് ഓഫീസർ തടയുകയും ബാങ്കിന്റെ 6 'ബി' രജിസ്റ്ററിൽ പേരുള്ളവർമാത്രം വോട്ടുചെയ്താൽ മതിയെന്ന് പറയുകയും ചെയ്തതിനെത്തുടർന്ന് ലീഗുകാർ റിട്ടേണിംഗ് ഓഫീസറേയും ക്യൂവിൽനിന്ന വോട്ടർമാരേയും കയ്യേറ്റം ചെയ്യുകയുണ്ടായി. അതിനെത്തുടർന്ന് പോളിംഗ് നടത്തിക്കൊണ്ടുപോകാൻ കഴിയാതെ റിട്ടേണിംഗ് ഓഫീസർ തെരഞ്ഞെടുപ്പ് നിറുത്തിവച്ചു. ഇതുസംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും തെരഞ്ഞെടുപ്പ് നടത്താനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പടിഞ്ഞാറേക്കര സർവ്വീസ് സഹകരണ ബാങ്കിലുണ്ടായിരുന്ന ഏഴംഗ ഭരണസമിതിയിൽ 3 പേർ രാജി വയ്ക്കുകയും ഒരാൾ അയോഗ്യനാകുകയും ചെയ്തതിനെത്തുടർന്ന് നിലവിൽവന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചത്. വോട്ടർമാരുടെ കൈവശമുള്ള ഐഡന്റിറ്റി കാർഡുകൾ ബാങ്ക് കമ്പ്യൂട്ടറിലുള്ള രേഖകളുമായി ഒത്തുനോക്കി ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ വോട്ടുചെയ്യാൻ അനുവദിക്കുകയുള്ളൂവെന്ന് പറഞ്ഞ് ചില സ്ഥാനാർത്ഥികൾ റിട്ടേണിംഗ് ഓഫീസറെ കയ്യേറ്റം ചെയ്യുകയും കുറെ യു.ഡി.എഫ്. പ്രവർത്തകർ ബൂത്ത് കയ്യേറുകയും ഔദ്യോഗിക കൃത്യനിർവ്വ

ഹണത്തെ തടസ്സപ്പെടുത്തുകയും വോട്ട് ചെയ്യാൻ ക്യൂ നിന്നവരെ അതിനനുവദിക്കാതെ ബഹളമുണ്ടാക്കുകയും ചെയ്തതിനെത്തുടർന്ന് പോളിംഗ് നടത്തിക്കൊണ്ടുപോകാൻ കഴിയാതെ വന്നതിനാൽ സഹകരണ നിയമം അനുസരിച്ച് തെരഞ്ഞെടുപ്പ് നിറുത്തിവച്ചതായി റിട്ടേണിംഗ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിട്ടേണിംഗ് ഓഫീസറുടെ കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും അക്രമങ്ങൾ നടത്തി തെരഞ്ഞെടുപ്പ് നടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്തതിന് പടിഞ്ഞാറേക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അക്രമം നടത്തിയവർക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതാണ്.

### (33) <u>സ്പൈസസ് പാർക്ക്</u>

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ:</u> ഇടുക്കി ജില്ലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനുള്ള സ്പൈസസ് പാർക്കിന് രണ്ടുമാസത്തിനുള്ളിൽ ഭൂമി ഏറ്റെടുത്ത് കിൻഫ്രയെ ഏല്പിച്ച് അനന്തര നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ഇടുക്കി ജില്ലയിൽ സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ഉടുമ്പൻചോല താലൂക്കിൽ വ്യവസായ വകുപ്പും കൃഷി വകുപ്പുംചേർന്ന് 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സംയുക്ത പരിശോധനയ്ക്ക് വിവരം ലഭ്യമാക്കാനും ലാൻഡ് അക്വിസിഷന് ആവശ്യമായ തുക മുൻകൂട്ടി ലഭ്യമാക്കാനും ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ സ്ഥലമെടുപ്പ് ജോലികൾ പൂർത്തിയാക്കി സ്പൈസസ് ബോർഡ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### (34) വെള്ളരി കൃഷി ചെയ്തവർക്ക് സാമ്പത്തിക സഹായം

ശ്രീ. ജോർജ് മേഴ്സിയർ: വെള്ളായണി കാർഷിക കോളേജിൽ നിന്ന് വാങ്ങിയ വെള്ളരിവിത്ത് കൃഷിചെയ്ത് കയ്പ്പുള്ള വെള്ളരിക്ക വിളവെടുത്ത് നഷ്ടം സംഭവിച്ച കർഷകർക്ക് സാമ്പത്തികസഹായം നൽകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): വെള്ളായണി കാർഷിക കോളേജിൽ നിന്ന് വാങ്ങിയ വെള്ളരിവിത്ത് കൃഷിചെയ്ത കർഷ കർക്കാണ് ഇത്തരത്തിൽ നഷ്ടം സംഭവിച്ചതെന്ന് പ്രാഥമികാന്വേഷണത്തിൽ മനസ്സിലായതിനെത്തുടർന്ന് കാർഷിക സർവ്വകലാശാലാ വൈസ് ചാൻസല റോട് ഇതുസംബന്ധിച്ച് അടിയന്തിര റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചി ട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാൽ ഉടൻതന്നെ ആവശ്യമായ നടപടികൾ സ്വീക രിക്കുന്നതാണ്.

### (35) കുണ്ടുമൺ കടവ് പാലത്തിന്റെ പണി

ശ്രീ. എൻ. അനിരുദ്ധൻ: കൊല്ലം ആയുർ റോഡിലെ കുണ്ടുമൺ കടവ് പാലത്തിന്റെ പണി അടിയന്തിരമായി പുനരാരംഭിക്കാൻ നടപടി സ്വീകരി ക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): നിശ്ചിത കാലാവധി ക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാതെ നിറുത്തിവച്ചിരുന്ന കുണ്ടുമൺ കടവ് പാലത്തിന്റെ ബാക്കി പണികൾ ഹൈലെവൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2007-ലെ ഷെഡ്യൂൾ പ്രകാരം പുന:ക്രമീകരിക്കുകയും 2.72 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. നബാർഡിന്റെ ധനസഹായത്തോടു കൂടി പ്രസ്തുത പാലത്തിന്റെ തുടർ പണികൾ പരമാവധി വേഗത്തിൽ ചെയ്യു ന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

<u>സുനാമി ദുരന്ത ബാധിതരുടെ പുനരധിവാസം</u>

2004-ലെ സുനാമി ദുരന്തത്തെത്തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.പി. രാജേന്ദ്രൻ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

## ക്രമപ്രശ്നം

<u>ചോദ്യങ്ങളുടെ മറുപടി</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: മൂന്നാർ കുടിയൊഴിപ്പിക്കൽ സംബന്ധിച്ച് രണ്ട് ചോദ്യങ്ങൾ കഴിഞ്ഞ രണ്ട് നിയമസഭാ സമ്മേളനങ്ങളിലും ഉന്നയിച്ചുവെങ്കിലും അതിന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. 'വിവരം ശേഖരിച്ചുവരുന്നു' എന്നുള്ള മറുപടിയാണ് റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്ന് ലഭിച്ചത്. ആ ചോദ്യങ്ങൾ ഈ സഭയിൽ വീണ്ടും ഉന്നയിച്ചുവെങ്കിലും മറുപടിയുണ്ടായില്ല. ഇത് അംഗങ്ങളുടെ അവകാശം നിഷേധിക്കലാണ്.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> എം.എൽ.എ.മാരുടെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി കൊടുക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. ഈ ചോദ്യങ്ങൾക്ക് കുറേക്കൂടി വിശദാംശങ്ങൾ ലഭിക്കാനുണ്ടെന്നാണ്

പരിശോധിച്ചപ്പോൾ മനസ്സിലായത്. രണ്ടാഴ്ചയ്ക്കുള്ളിൽ ഇതിന്റെ മറുപടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: ഇതുസംബന്ധിച്ച് ശ്രീ. കെ.കെ. ഷാജുവും നോട്ടീസ് നൽകിയിരുന്നു. ശ്രീ. കെ.കെ. ഷാജുവിന്റെ ചോദ്യത്തിന് 11-3-08-ന് 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ് മറുപടി നൽകിയിരുന്നതെങ്കിലും 16-3-08-ലെ 324-ാം നമ്പർ പാർട്ട്-2 ബുള്ളറ്റിനിൽ അത് വിശദമായി പ്രസിദ്ധീ കരിച്ചിട്ടുള്ളതായി കാണുന്നുണ്ട്. നിയമസഭാംഗങ്ങളുടെ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്നുള്ള പരാതി എല്ലാ സന്ദർഭങ്ങളിലുമു ണ്ടാവുകയും ചെയർ വ്യക്തമായ റൂളിംഗ് നൽകുകയും ചെയ്തിട്ടുള്ളതാണ്. അപൂർവ്വമായ ചോദ്യങ്ങൾക്ക് ചിലപ്പോൾ പെട്ടെന്ന് മറുപടി ശേഖരിച്ച് നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ വിവരം ശേഖരിച്ചുവരുന്നുവെന്ന് മറുപടി നൽകാറുണ്ടെങ്കിലും മറുപടി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകു ന്നത് ശരിയായ നടപടിക്രമമല്ല. അത്തരത്തിൽ മറുപടി നൽകുന്ന ചോദ്യ ങ്ങൾക്ക് കഴിയുന്നതും വേഗം മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്ക ണമെന്ന് ചെയർ വീണ്ടും റൂൾ ചെയ്യുകയാണ്.

## നിയമനിർമ്മാണകാര്യം

**സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള മത്സ്യ ത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള മത്സ്യ

ത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബില്ലിന്റെ പ്രസക്തി

ശ്രീ. ജോസഫ് എം. പുതുശ്ശേരി: മത്സ്യത്തൊഴിലാളികളുൾപ്പെടെ എല്ലാ കർഷകരുടേയും കടങ്ങൾ കേന്ദ്രഗവൺമെന്റ് എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ച സ്ഥിതിക്ക് 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിന് പ്രസക്തിയില്ലാതായിരിക്കുകയാണ്. ഈ ബില്ലിനുപകരം മത്സ്യത്തൊഴിലാളികൾ സ്വകാര്യ പണമിടപാടുകാരിൽനിന്നെടുത്ത എല്ലാ കടങ്ങളും എഴുതിത്തള്ളുന്നതിനുള്ള നിയമനിർമ്മാണമാണ് നടത്തേണ്ടത്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച കർഷക കടാശ്വാസ പാക്കേജിന്റെ പരിധിയിൽ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളുടെ കടംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസം, വീട്, ചികിത്സ തുടങ്ങി വിവിധയിനങ്ങളിലായി എടുത്തിട്ടുള്ള കടങ്ങൾക്കുകൂടി ആശ്വാസം കൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. അതുകൊണ്ട് ഈ വാദത്തിന് ഒരു അടിസ്ഥാനവുമില്ല.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 11 ലക്ഷത്തോളം വരുന്ന കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിനുവിധേയമായി പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. സുനാമി ദുരന്തമുണ്ടായതിനുശേഷം കേരളത്തിൽ മത്സ്യസമ്പത്തിന്റെ അളവ് കുറയുകയും കടഭാരം വർദ്ധിക്കുകയും ചെയ്തതിന്റെ ഫലമായി പട്ടിണിമരണങ്ങൾവരെയുണ്ടാകാനുള്ള സാഹചര്യം വളർന്നുവന്ന പശ്ചാത്തലത്തിലാണ് കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ ഇവിടെ അവതരിപ്പിച്ചത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടേയും അഭിപ്രായങ്ങൾ കണക്കിലെടുത്ത് സെലക്ട് കമ്മിറ്റിക്കുവിട്ട ഈ ബിൽ സംബന്ധിച്ച് 10 തീരദേശ ജില്ലകളിൽ സിറ്റിംഗ് നടത്തുകയും മത്സ്യത്തൊഴിലാളി സംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, എൻ.ജി.ഒ. സംഘടനകൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, സഹകരണ ഡിപ്പാർട്ടുമെന്റുകൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, പൊതുജനങ്ങൾ, വ്യക്തികൾ തുടങ്ങി സമൂഹത്തിന്റെ എല്ലാ തുറകളിലുംപെട്ട ആളുകളുടെ ക്രിയാത്മകവും സൃഷ്ടിപരവുമായ നിർദ്ദേശങ്ങൾ പരിഗണിക്കുകയുമുണ്ടായി.. ട്രേഡ് യൂണിയൻ സംഘടനകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ കടത്തെ സംബന്ധിച്ച് പ്രത്യേക സെക്ടറായി തിരിച്ചുകൊണ്ടുള്ള സർവ്വേ നടത്തി ഈ മേഖലയിൽ വിവിധ ഏജൻസികളിൽ നിന്നായി ആകെ 524 കോടി രൂപയുടെ കടമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി നീക്കിവച്ചിട്ടുള്ള 10 കോടി രൂപയ്ക്കുപുറമേ സുനാമി ദുരിതാശ്വാസ നടപടികളുമായി ബന്ധപ്പെട്ട് വരുന്ന തുകയും ഇതിന് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നു.

കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന കാർഷിക കടാശ്വാസ പാക്കേജിൽ മത്സ്യ ത്തൊഴിലാളികളുടെ ജീവനോപാധികൾക്കായി സഹകരണ സംഘങ്ങളിൽ നിന്നും ദേശസാൽക്കൃത ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കടം എഴുതി ത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. സ്വകാര്യ പണമിടപാടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ എന്തുചെയ്യാൻ കഴിയുമെന്ന തിനെ സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ കേന്ദ്രഗവൺമെന്റ് ആവ ശ്യപ്പെട്ടിട്ടുണ്ട്. ഇത് വളരെ സ്വാഗതാർഹമായ നിർദ്ദേശമാണ്. വിദ്യാഭ്യാസത്തിനും ചെറിയ വീട് വയ്ക്കുന്നതിനും ചികിൽസയ്ക്കും എടുത്തിട്ടുള്ള വായ്പകളെ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ പണമിടപാടുകാരിൽ നിന്ന് എടുത്ത വായ്പയെ ഒരു ജൂഡീഷ്യൽ പ്രോസ്സസിലൂടെ പരിശോധനയ്ക്ക് വിധേയമാക്കി കടബാദ്ധ്യത നിർണ്ണയിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടുന്ന സഹായം പ്രയോജനപ്പെടുത്തി ആശ്വാസ നടപടികൾ സ്വീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രകൃതിക്ഷോഭമോ കടലാക്രമണമോ ഉണ്ടാകുന്ന സന്ദർഭത്തിൽ അപ്പോൾത്തന്നെ ആ ദുരന്തം മനസ്സിലാക്കി ഇടപെടാനും അതിന്റെയടിസ്ഥാനത്തിൽ ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനും കമ്മീഷന്റെ സേവനം പ്രയോജനപ്പെടുത്താൻ ലക്ഷ്യം വയ്ക്കുന്നുണ്ട്. സെലക്ട് കമ്മിറ്റിയുടെ പ്രവർത്തനത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാപേരും സഹകരിച്ചിട്ടുണ്ട്. ഇതൊരു കുറ്റമറ്റ നിയമമാക്കി മാറ്റാൻ തുടർന്നും എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ടി.എൻ പ്രതാപൻ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. സമൂഹത്തിൽ ഏറ്റവും ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്

ആശ്വാസമെത്തിക്കാൻ കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിത്. സംസ്ഥാനത്തെ കടലോര-കായലോര പ്രദേശങ്ങളും ഗുജറാത്തും സന്ദർശിച്ച് മൽസ്യത്തൊഴിലാളികളുടെ സാമൂഹിക സമാശ്വാസ പദ്ധതികൾ താരതമ്യം ചെയ്തും ഈ ബിൽ കൂടുതൽ ഫലവത്താക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. ഈ ബിൽ കുറെക്കൂടി കാര്യക്ഷമമാക്കാനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വേണ്ടിയാണ് വിയോജിപ്പ് രേഖപ്പെടുത്തുന്നത്. സുനാമി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഇതുവരെ 2016.44 കോടി രൂപയാണ് സംസ്ഥാനത്തിന് കിട്ടിയിട്ടുള്ളത്. ഇതിൽ എത്ര തുക ചെലവുചെയ്തുവെന്നും ചെലവാക്കാൻ കഴിയാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കണം. സുനാമി ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. തീരവനം പദ്ധതി ഏതെല്ലാം സ്ഥലങ്ങളിൽ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് അന്വേഷിക്കണം. പദ്ധതി നിർദ്ദേശിച്ച് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി കൂടി നിർദ്ദേശിക്കുന്ന പ്രോജക്ടുകൾക്ക് എ.എസും ടി.എസും കൊടുക്കാൻ താഴെത്തലങ്ങളിലുള്ള ഉദ്യോഗസ്ഥർ ശുഷ്കാന്തി കാണിക്കുന്നില്ലെന്ന കാര്യം ഗൗരവതരമായി പരിശോധിക്കണം. സി. ആർ. ഇസഡ്-ന്റെ നോംസ് അനുസരിച്ച് മത്സ്യത്തൊഴിലാളികളെ കടൽക്കരയിൽ നിന്ന് 500 മീറ്റർ മാറ്റിപ്പാർപ്പിക്കുന്നത് സംബന്ധിച്ച് ക്രിയാത്മകമായ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. മത്സ്യത്തൊഴിലാളികൾക്ക് താൽക്കാലികമായി റേഷൻ കാർഡിനും വൈദ്യുതി കണക്ഷനും വേണ്ടി വീട്ട് നമ്പർ ഇട്ടുകൊടുക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 2004-ൽ ഇറക്കിയ ഓർഡർ നഗരസഭ നടപ്പിലാക്കിയ കെട്ടിട നിർമ്മാണ നിയമം പഞ്ചായത്തുകൾക്കുകൂടി

ബാധകമാക്കിയപ്പോൾ അസാധുവായിരിക്കുകയാണ്. ആ ഉത്തരവ് പുതുക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. ആദിവാസികളുടെ ജീവിത നിലവാരംപോലും ഇല്ലാത്ത കേരളത്തിലെ മൽസ്യത്തൊഴിലാളികൾ തൊഴിലിനുവേണ്ടി ഇടത്തട്ടുകാരിൽ നിന്ന് കടം വാങ്ങുകയും ചൂഷണത്തിനിരയാവുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങൾ കടൽക്ഷോഭത്തിൽ നഷ്ടപ്പെടാനിടയായാൽ സംസ്ഥാന ഗവൺമെന്റിന്റെ പണം ഉപയോഗിച്ച് ഇൻഷ്വറൻസ് പരിരക്ഷ നൽകി അവരെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടി ഉണ്ടാകുകയാണെങ്കിൽ സ്വകാര്യ വട്ടിപ്പലിശക്കാരിൽനിന്നും പണം കടം വാങ്ങുന്നത് കുറയും. ഈ ബില്ലിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ 2007 ഡിസംബർ വരെയുള്ള കടങ്ങൾ പൂർണ്ണമായി എഴുതിത്തള്ളണം. പത്തും പതിനഞ്ചും കൊല്ലംമുമ്പ് മത്സ്യഫെഡ്ഡിൽനിന്നും എടുത്ത വായ്പപോലും തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. കടാശ്വാസ കമ്മീഷനുവേണ്ടി നീക്കിവച്ച 10 കോടി രൂപ അപര്യാപ്തമായതിനാൽ കൂടുതൽ പണം നീക്കിവയ്ക്കണം. അന്യായമായി കടലിൽനിന്ന് മത്സ്യം ചൂഷണം ചെയ്തുകൊണ്ടുപോകുന്ന വിദേശ കുത്തകകളായ വൻകിട ട്രോളർ ഉടമകളെ നിയന്ത്രിക്കണം. ഈ ബിൽ കൂടുതൽ ശക്തമാക്കുന്നതിനുവേണ്ടി പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും കലവറയില്ലാത്ത പിന്തുണയാണ് നൽകിയത്. മത്സ്യഫെഡ് കൊണ്ടുവന്നതും മത്സ്യത്തൊഴിലാളി ക്ഷേമനിധിക്കുവേണ്ടിയുള്ള സഹായം ചെയ്തുകൊടുത്തതും മത്സ്യത്തൊഴിലാളി വിഭാഗത്തെ ഒ.ഇ.സി.യിൽപ്പെടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയതും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ചതും ശ്രീ. കെ.കരുണാകരൻ മുഖ്യമന്ത്രി

ആയിരുന്നപ്പോഴാണ്. മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തിയതും പഞ്ഞമാസക്കാലത്തേയ്ക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയതും യു.ഡി.എഫ്. ഗവൺമെന്റാണ്. സുനാമി ദുരന്തത്തെത്തുടർന്ന് ശ്രീ. ഉമ്മൻ ചാണ്ടി കേന്ദ്ര ഗവൺമെന്റിൽ നടത്തിയ സ്വാധീനത്തിന്റേയും സമ്മർദ്ദത്തിന്റേയും ഫലമായിട്ടാണ് 1441.47 കോടി രൂപയുടെ കേന്ദ്ര സഹായവും മറ്റ് വിവിധ പദ്ധതികളിൽനിന്നുള്ള സഹായവും ലഭിച്ചത്. സുനാമി ഫണ്ട് പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റേതാണെന്നുള്ള വസ്തുത സംസ്ഥാന ഗവൺമെന്റ് വിസ്മരിക്കുകയാണ്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിലെ മത്സ്യത്തൊഴിലാളി പ്രതിനിധികളുടെ എണ്ണം മൂന്നായി നിശ്ചയിക്കണം. ബില്ലിലെ വകുപ്പ് 5 (3)-ൽ പറയുന്ന വരുമാന പരിധി എടുത്തുകളയണം. യു.ഡി.എഫിന്റെ പൂർണ്ണമായ പിന്തുണ ഈ ബില്ലിന് ഉണ്ട്. . ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> ബില്ലിനെ സ്വാഗതം ചെയ്യുന്നു. കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിന്റെ ദുർഗതി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിന് ഉണ്ടാകാൻ പാടില്ല. കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷപ്പെടുത്താൻ അവരുടെ കടങ്ങൾ കേന്ദ്ര സർക്കാർ എഴുതിത്തള്ളിയതുപോലെ ഈ സർക്കാരും മൽസ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളാൻ തയ്യാറാകണം. സർക്കാർ കൊട്ടിയാഘോഷിക്കുന്ന പ്രയോജനമൂല്യം ഈ ബില്ലിനുണ്ടോയെന്ന് പരിശോധിക്കണം. കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഈ ബില്ലിലൂടെ കൂടുതൽ ആശ്വാസം നൽകാൻ എന്ത് ചെയ്യാൻ കഴിയുമെന്ന് ചിന്തിക്കണം. ദുരന്തബാധിത പ്രദേശമായി ഗവൺമെന്റ് പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക്

മാത്രമേ ഈ ബില്ലിന്റെ ആനുകൂല്യം ലഭ്യമാകുകയുള്ളൂ. ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുന്ന കാര്യത്തിൽ കമ്മിഷന്റെ ശുപാർശ ഗവൺമെന്റ് സ്വീകരിക്കണമെന്നില്ല എന്നു പറയുന്നത് മൽസ്യത്തൊഴിലാളികളോടു കാണിക്കുന്ന അനീതിയാണ്. മണ്ണെണ്ണ പ്രശ്നം താൽക്കാലികമായി പരിഹരിച്ചതും സി.ആർ.ഇസെഡ്. ആക്ടിന്റെ കാര്യത്തിൽ ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി കാണിക്കുന്ന താൽപ്പര്യവും നന്ദിപൂർവ്വം സ്മരിക്കുന്നു. ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 218604 പേരാണ് യഥാർത്ഥ മൽസ്യത്തൊഴിലാളികളായിട്ടുള്ളത്. ഉൾനാടൻ മൽസ്യത്തൊഴിലാളികളാകട്ടെ, ഏകദേശം രണ്ട് ലക്ഷത്തോളമുണ്ട്. മൽസ്യഫെഡ്, നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ സംഘങ്ങൾ, മറ്റ് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നാണ് മൽസ്യത്തൊഴിലാളികൾ കടം എടുത്തിട്ടുള്ളത്. മൽസ്യഫെഡ്, ഫിഷറീസ് വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് മൽസ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾ എഴുതിത്തള്ളണം. മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ കോർപ്പസ് ഫണ്ട് രൂപീകരിക്കണം. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വ്യക്തിഗത വായ്പ എഴുതിത്തള്ളുന്ന കാര്യത്തിൽ വ്യക്തതയുണ്ടാകണം. അതിന് വരുമാന പരിധി നിഷ്ക്കർഷിക്കരുത്. കടമെടുക്കുന്നതിന് മൽസ്യഫെഡ് നൽകുന്ന ഗ്യാരന്റി പുന:പരിശോധിക്കണം. കൃത്യമായി പണം അടയ്ക്കുന്നവർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടരുത്. കേന്ദ്ര സർക്കാർ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന കാര്യത്തിൽ പ്രഖ്യാപിച്ച 60000 കോടി രൂപയിൽ നിന്ന് കേരളത്തിലെ മൽസ്യ

മേഖലയ്ക്ക് പരമാവധി തുക ലഭ്യമാക്കാനുള്ള ശ്രമമുണ്ടാകണം. കേന്ദ്ര കർഷക കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ മൽസ്യകർഷകർക്ക് കൂടുതൽ ധന സഹായം ലഭ്യമാക്കണം. കടാശ്വാസ ബില്ലിൽ മാത്രം ഒതുങ്ങിനിന്ന് പ്രവർത്തിക്കാതെ മൽസ്യത്തൊഴിലാളികൾ കടക്കെണിയിൽ അകപ്പെടാതിരിക്കാൻ ആവശ്യമായ വരുമാന വർദ്ധനവിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. അവർക്കുള്ള തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം. മൽസ്യബന്ധന യാനങ്ങൾ വാങ്ങുന്നതിന് പലിശരഹിത വായ്പ കൊടുക്കണം. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വഴി മൽസ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് മൈക്രോ എന്റർപ്രൈസസ് തുടങ്ങണം. മൽസ്യം പിടിച്ചുകൊണ്ടുവന്നതിനു ശേഷമുള്ള വിൽപ്പന, വിതരണം തുടങ്ങിയ പ്രോസസ്സിംഗിൽ മൽസ്യത്തൊഴിലാളികളെക്കൂടി പങ്കാളികളാക്കണം. താനൂർ, പരപ്പനങ്ങാടി എന്നിവിടങ്ങളിൽ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കണം. കടൽത്തീരത്തുള്ളവരെ ദുരിതത്തിലാഴ്ത്തുന്ന സി.ആർ.ഇസെഡ്. ആക്ടിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയതിന് എല്ലാ ഗവൺമെന്റുകളും ഉത്തരവാദികളാണ്. സി.ആർ.ഇസെഡ്. ആക്ടിനെ സംബന്ധിച്ച് നിയമസഭയിൽ ഒരു പ്രമേയം കൊണ്ടുവരണം. പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സാങ്കേതികത്വത്തിന്റെ പേരിൽ കടൽത്തീരത്തുനിന്ന് ഒഴിപ്പിക്കാൻ പാടില്ല. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വീടുകൾ ഉണ്ടാകുന്നതിലേയ്ക്കായി ഒരു വലിയ പാക്കേജ് ഉണ്ടാക്കി ഒരു നിശ്ചിതവർഷ ത്തിനുള്ളിൽ വീടുകളില്ലാത്ത എല്ലാവർക്കും വീടുകളുണ്ടാക്കാൻ നടപടി എടുക്കണം. കടലോരത്തെ ഭൂമിയും മത്സ്യബന്ധനം നടത്താനുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി റിസർവ്വ് ചെയ്യണം. ആരോ

ഗ്യരംഗത്തെ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണം. മത്സ്യത്തൊഴിലാളികളുടെ പുരോഗമനത്തിനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് ഫിഷറീസ് വകുപ്പ് തയ്യാറാകണം. ഇത്രയുംകാലം ചെയ്ത വികസന പ്രവർത്തനങ്ങളിലൂടെ അവരെ ഉയർച്ചയിലേയ്ക്ക് നയിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ കടാശ്വാസ ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ അവരെ ഒരിക്കലും കടം വാങ്ങാത്ത അവസ്ഥയിൽ എത്തിക്കണം. വിദ്യാഭ്യാസാവശ്യങ്ങൾക്കും ഭവന നിർമ്മാണത്തിനും ചികിൽസയ്ക്കും എടുത്തിട്ടുള്ള കടം നിർബ്ബന്ധമായും എഴുതിത്തള്ളണം. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന എല്ലാ പ്രദേശവും ദുരിതബാധിത പ്രദേശമായി കണ്ട്, സമഗ്രമായ വികസനകാഴ്ചപ്പാടോടുകൂടിയുള്ള നടപടി സ്വീകരിക്കാൻ മന്ത്രി തയ്യാറാകണം.

<u>പ്രൊഫ. കെ.വി. തോമസ്</u>: മത്സ്യത്തൊഴിലാളികൾ സമൂഹത്തിൽ ഏറ്റവും കൂടുതൽ വേദന അനുഭവിക്കുന്നവരും പിന്നോക്കാവസ്ഥയിലുള്ളവരുമായതുകൊണ്ട് ഈ മേഖലയിൽ നൽകുന്ന എല്ലാ ആനുകൂല്യങ്ങളും രാഷ്ട്രീയത്തിനതീതമായി കാണണം. ബില്ലിന്റെ പേരിൽനിന്നും മത്സ്യത്തൊഴിലാളികൾ ധരിച്ചിരിക്കുന്നത് അവരുടെ മുഴുവൻ കടവും എഴുതിത്തള്ളുമെന്നാണ്. എന്നാൽ വകുപ്പ് 5 (എ) അനുസരിച്ച് ജില്ലകളേയോ അതിന്റെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയേയോ ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് . കമ്മിഷന് ശുപാർശ ചെയ്യാം എന്നാണ് പറഞ്ഞിരിക്കുന്നത്. സർക്കാർ അത് അംഗീകരിച്ചാൽ കമ്മീഷന് നെഗോഷ്യേറ്റ് ചെയ്യാനേ അധികാരമുള്ളു. അതിൽത്തന്നെ ചില പരിമിതികളുണ്ട്. 5 (ഇ) യിലെ പ്രൊവിഷൻ അനുസരിച്ച് കമ്മീഷൻ ശുപാർശ ചെയ്യുന്ന തുകയ്ക്ക് പരിമിതി ഉണ്ട്.

മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും തീർക്കാൻ കഴിയണമെങ്കിൽ കമ്മീഷന്റെ അധികാരങ്ങൾക്ക് കുറച്ചുകൂടി വ്യാപ്തിയുണ്ടാകണം. കാർഷിക മേഖലയുടെ വികസനത്തിന് നൽകുന്നതുപോലെയുള്ള ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളി മേഖലയിലും നൽകണം. അതിനു വേണ്ടി നീക്കിവച്ചിരിക്കുന്ന 10 കോടി രൂപ അപര്യാപ്തമാണ്. ജീവനോപാധികൾക്ക് എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുമെന്നാണ് കേന്ദ്രഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. ഇവിടെ ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും മാത്രമല്ല പ്രൈവറ്റ് ഏജൻസികളിൽനിന്നുപോലും വായ്പകൾ എടുത്തിട്ടുണ്ട്. സ്വകാര്യ പണമിടപാടുകാരിൽനിന്ന് എടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് നൽകാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ അനുകൂലമായ സമീപനം എടുക്കണം. മത്സ്യത്തൊഴിലാളി മേഖലയിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയണം. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ ട്രോളിംഗിൽ ആവശ്യമായ വെസ്സലും പരിശീലനവും നൽകണം. യന്ത്രവൽകൃത യാനങ്ങൾക്ക് ഒരു സ്പെസഫിക് ഡെഫനിഷൻ കൊടുക്കണം. സുനാമി ദുരന്തം വന്ന സമയത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് ധനസഹായം കൊടുത്തത്. മൽസ്യത്തൊഴിലാളികളുടെ പ്രശ്നം ഒരു പരിധിവിട്ട് രാഷ്ട്രീയവൽക്കരിക്കരുത്. കേന്ദ്ര ഗവണ്മെന്റ് മൽസ്യത്തൊഴിലാളികൾക്ക് വേണ്ടി ആരംഭിച്ച എംപ്ളോയ്മെന്റ് സ്കീം വിപുലമായ ഒരു പദ്ധതിയാണ്. 7,000 കോടി രൂപയുടെ മൽസ്യ കയറ്റുമതി ഉണ്ടായിരുന്നത് ഇപ്പോൾ 3,000 കോടി രൂപയുടേതായി കുറഞ്ഞു. ചൈനയിലും തായ്‌ലന്റിലും നൂതന മൽസ്യോൽപ്പാദന രീതികളാണ് പിൻതുടരുന്നത്. മൽസ്യോൽപ്പാദനം

വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് ധാരാളം പ്രോജക്ടുകൾ കൊണ്ടുവന്നു. ദുരന്തങ്ങൾ വരുമ്പോൾ ധനസഹായം അനുവദിക്കുന്നതിലുള്ള കേന്ദ്ര ഗവണ്മെന്റിന്റെ നോംസ് സംസ്ഥാനത്തിന് അനുയോജ്യമാക്കാൻ കഴിയണം. വിദേശത്തുനിന്ന് മൽസ്യം ഇറക്കുമതി ചെയ്യുമ്പോൾ അതിന്റെ ദോഷവശങ്ങളെക്കുറിച്ച് ഗൗരവമായി പരിശോധിക്കണം. നിർദ്ദിഷ്ട നിയമത്തിന്റെ ഗുണം കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് കിട്ടത്തക്കവിധത്തിൽ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയും വ്യവസ്ഥകളിലെ അപാകതകൾ പരിഹരിച്ചും പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസമെത്തിക്കാനുള്ള ശ്രമം ഉണ്ടാകണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : കേരളത്തിലെ പതിനൊന്ന് ലക്ഷത്തോളം മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനുള്ള ബില്ലാണിത്. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് തെളിവെടുപ്പ് നടത്തിയപ്പോഴെല്ലാം ഉയർന്നുവന്ന അഭിപ്രായങ്ങൾ ബില്ലിന് അന്തിമരൂപം നൽകിയപ്പോൾ സ്വീകരിച്ചതായി കാണുന്നില്ല. കമ്മീഷന്റെ ഘടനയിൽ നിഷ്പക്ഷമായി തീരുമാനമെടുക്കാൻ സഹായകമാകത്തക്കവിധത്തിൽ മൽസ്യത്തൊഴിലാളി മേഖലയിൽ നിന്ന് ഒരു വനിതയുൾപ്പെടെ മൂന്ന് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തണം: പരമ്പരാഗത മൽസ്യത്തൊഴിലാളികൾ എന്നു പറയുമ്പോൾ അതിൽ മൽസ്യ. വിപണന മേഖലയിലെ തൊഴിലാളികളേയും ഉൾപ്പെടുത്തണം. മൽസ്യബന്ധന-വിപണന മേഖലകളിലെ തൊഴിലാളികൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങളും ആശ്വാസവും ക്ഷേമവും നൽകുന്നതിനുള്ള പ്രത്യേക പദ്ധതി ഇതിനനുബന്ധമായി ആവിഷ്ക്കരിക്കണം. അതോടൊപ്പംതന്നെ കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ച ആനുകൂല്യം ലഭ്യമാക്കുന്നതിന് അവ തടസ്സം

സൃഷ്ടിക്കുമോ എന്നുള്ളതും പരിശോധിക്കണം. കേരള ഗവണ്മെന്റ് മൽസ്യ. ബന്ധനമേഖലയിൽ മൂന്ന് വർഷത്തിനിടയിൽ പ്രഖ്യാപിച്ച എല്ലാ പ്രോജക്ടുകൾക്കും കേന്ദ്ര ഗവണ്മെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ആ അനുകൂല സാഹചര്യം ഉപയോഗിച്ച് ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ള ആശ്വാസ പദ്ധതികളെ ക്രോഡീകരിക്കണം. മൽസ്യഫെഡ് പോലെയുള്ള വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന ആശ്വാസ നടപടികളും ക്ഷേമ പ്രവർത്തനങ്ങളും ക്രോഡീകരിച്ച് സമഗ്ര പദ്ധതി ആവിഷ്ക്കരിക്കാൻ കഴിഞ്ഞാൽ അതിന് അംഗീകാരം ലഭ്യമാകുന്ന അന്തരീക്ഷമാണ് നിലവിലു ള്ളത്. അങ്ങനെയായാൽ 542 കോടിയോളം രൂപയുടെ ആശ്വാസ നടപടികൾ മൽസ്യമേഖലയിൽ എത്തിക്കാൻ കഴിയും. സാധാരണക്കാർക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ ഒരു പങ്കാണ് ഭക്ഷ്യ-സിവിൽ സപ്ളൈസ് ഡിപ്പാർട്ടുമെന്റുമായി ഉണ്ടാക്കിയ ധാരണയനുസരിച്ച് മൽസ്യ ബന്ധനമേഖലയിൽ വിതരണം ചെയ്യുന്നത്. എസ്.ടി.സി. വഴി നേരിട്ട് മണ്ണെണ്ണ ഇറക്കുമതി ചെയ്യാൻ സാധിച്ചാൽ മൽസ്യബന്ധന മേഖലയിലെ മണ്ണെണ്ണയുടെ ദൗർലഭ്യം പരിഹരിക്കാൻ സാധിക്കും: അതിനുള്ള സാദ്ധ്യത പരിശോധിക്കണം. ബിൽ കൊണ്ടുവരാൻ താൽപ്പര്യം കാണിച്ച മന്ത്രിയേയും ഗവണ്മെന്റിനേയും പ്രശംസിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ 596 കി.മീ. തീരദേശത്തായി താമസിക്കുന്ന 11 ലക്ഷത്തോളം മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി കൊണ്ടുവന്നിട്ടുള്ള ബില്ലിൽ മൽസ്യത്തൊഴിലാളി

കമ്മീഷന്റെ രൂപീകരണത്തേയും കമ്മീഷന് നൽകിയിട്ടുള്ള അധികാരങ്ങളെയും സംബന്ധിച്ച് ആശങ്കയും നിരാശയുമുണ്ട്. സിറ്റിംഗ് നടത്തി ശുപാർശകളും നിർദ്ദേശങ്ങളും ഗവണ്മെന്റിന് സമർപ്പിക്കാമെന്നതിൽ കവിഞ്ഞ് കമ്മീഷന് ഒരധികാരവും നൽകിയിട്ടില്ല. പോരായ്മകൾ പരിഹരിച്ച് ഒരു കമ്മീഷൻ എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. ബില്ലിലെ 2-ാം വകുപ്പിലെ (ix)-ാം ഉപവകുപ്പിൽ 'ധനകാര്യ സ്ഥാപനം' എന്നതിൽ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തണം. സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളിൽ 92 ശതമാനവും 5000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവരാണ്. 62.4 ശതമാനം മൽസ്യത്തൊഴിലാളി കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ യാണ്. വളരെയേറെ കഷ്ടത അനുഭവിക്കുന്ന ഈ വിഭാഗത്തിന്റെ പരിരക്ഷ ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. വിദ്യാഭ്യാസ മേഖലയിൽ ഈ വിഭാഗം വളരെയെറേ പിന്നിലാണ്. ചുരുക്കം പേരാണ് ഉന്നത വിദ്യാഭ്യാസ മേഖല യിലേയ്ക്ക് കടന്നുവരുന്നത്. ഈ വിഭാഗത്തിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ട സുരക്ഷിതത്വം ഉറപ്പാക്കണം. മൽസ്യത്തൊഴിലാ ളികളുടെ പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂട്ടായ ശ്രമം നടത്തണം. ഈ വിഭാഗക്കാർക്ക് ആവശ്യമായ സഹായം നൽകി ഇവരെ സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. മൽസ്യബന്ധനത്തിന് ആവശ്യമായ ആധുനിക സജ്ജീകരണങ്ങൾ ഒരുക്കി ക്കൊടുക്കണം.

<u>ശ്രീ. എം.കെ. പുരുഷോത്തമൻ:</u> സെലക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കൂടുതൽ ചൂഷണത്തിന് വിധേയമാകുന്ന ഒരു വിഭാഗമാണ് മൽസ്യത്തൊഴിലാളികൾ. സുനാമി ദുരന്തം ഉണ്ടായതിനുശേഷം സംസ്ഥാനത്തെ മൽസ്യസമ്പത്ത് ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ആഴക്കടൽ മൽസ്യബന്ധനത്തിന് കഴിയാതെ പല കുടുംബങ്ങളും പട്ടിണിയിലാണ്. വിദേശ ട്രോളറുകൾ ഉപയോഗിച്ച് ഇൻഡ്യ യുടെ ആഴക്കടലിൽനിന്ന് മൽസ്യബന്ധനം നടത്താൻ മുൻ കേന്ദ്ര ഗവൺമെന്റ് ലൈസൻസ് നൽകിയതിന്റെ ഫലമായി മൽസ്യക്കുഞ്ഞുങ്ങളെ വരെ നശിപ്പിച്ചുകൊണ്ട് വൻ തോതിൽ മൽസ്യസമ്പത്ത് വിദേശത്തേയ്ക്ക് പോകുന്ന സാഹചര്യമുണ്ടായി. മൽസ്യത്തൊഴിലാളികൾക്ക് ഇന്ന് ദൈനംദിന ജീവിതംപോലും നയിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം തിരുത്തിയാൽ മാത്രമേ ഈ മേഖലയെ രക്ഷിക്കാൻ സാധിക്കൂ. ഒരു വർഷത്തിൽ 100-110 ദിവസം മാത്രമാണ് ഇവർക്ക് പണിയെടുക്കാൻ സാധിക്കുന്നത്. കേന്ദ്ര ഖജനാവിലേയ്ക്ക് കോടി ക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പോ മന്ത്രിയോ കേന്ദ്രത്തിലില്ല. സംസ്ഥാനത്തെ ലക്ഷക്കണക്കായ മൽസ്യത്തൊഴിലാളികൾ ഈ ഗവൺമെന്റിനെ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. മുൻകാല ഗവൺമെന്റുകളിൽനിന്നും വ്യത്യസ്തമായി ഈ മേഖലയെ ശ്രദ്ധിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന സമയത്തും വഞ്ചി ഉപയോഗിച്ച് മൽസ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ അനുവാദം നൽകിക്കൊണ്ട് പ്രത്യേക നിയമ നിർമ്മാണം കൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്

തയ്യാറായി. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണത്തിൽ മൽസ്യത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ലായിരുന്നു. മൽസ്യ കയറ്റുമതി ക്കാരിൽനിന്ന് സെസ്സ് വാങ്ങുകയോ സുപ്രീംകോടതിയിൽ ശരിയായ രീതി യിൽ കേസ് വാദിക്കുകയോ ചെയ്തിരുന്നില്ല. കുടിശ്ശിക ഉണ്ടായിരുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ഈ ഗവൺമെന്റാണ് നടപടി സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്ന് ഈ മേഖലയിലെ തൊഴിലാളികൾക്ക് കഴിയുന്ന സഹായം ചെയ്യുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നത്. ഈ ബില്ലിൽ ദുരന്തബാധിത പ്രദേശങ്ങളിലെ തൊഴിലാളികളെ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കടബാധ്യതയുള്ള മുഴുവൻ മൽസ്യത്തൊഴിലാളികളെയും കടാശ്വാസ നിയമത്തിന്റെ പരിധി യിൽ കൊണ്ടുവരണം. കമ്മീഷന്റെ അംഗസംഖ്യ 4 എന്നത് 5 ആക്കി വർദ്ധി പ്പിക്കണം. കമ്മീഷനിൽ മൽസ്യത്തൊഴിലാളികളുടെ പങ്കാളിത്തം 1 എന്നത് 2 ആക്കി വർദ്ധിപ്പിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഇവിടെ വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് തിരിച്ചുള്ള ചർച്ച യിൽ ഒഫീഷ്യൽ ഭേദഗതി അടക്കമുള്ള ചില ഭേദഗതികൾ കൊണ്ടുവരു ന്നുണ്ട്. 2007 ഡിസംബർ 31-ാം തീയതിവരെയുള്ള സംസ്ഥാനത്തെ മൽസ്യ ത്തൊഴിലാളികളുടെ മുഴുവൻ കടങ്ങളും ദുരന്തബാധിത പ്രദേശങ്ങളുടെ കടങ്ങളിൽപ്പെടുന്നതായി കണക്കാക്കിക്കൊണ്ടുള്ള ആശ്വാസ നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ സംബന്ധിച്ച നിയമനിർമ്മാണം നടപ്പാകുന്നതിന് മുമ്പുതന്നെ അതിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് സംസ്ഥാന ചരിത്രത്തിലാദ്യമണ്. കേന്ദ്ര ബഡ്ജറ്റിൽ ഫിഷറീസ് - കാർഷിക

മേഖലകളിലെ തൊഴിലാളികൾ സഹകരണ ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പ പരിധി നോക്കാതെ എഴുതിത്തള്ളുമെന്നത് ആശ്വാസകരമായ നടപടിയാണ്. കർഷക കടാശ്വാസ പാക്കേജിൽ മൽസ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ സംസ്ഥാന ഗവണ്മെന്റിന് തീരുമാനം എടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിന് വിധേയരാകുന്ന മൽസ്യത്തൊഴിലാളികളുടെ കാര്യത്തിൽ ജുഡീഷ്യൽ പ്രോസ്സസ്സിലൂടെ എന്തു ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. വിദ്യാഭ്യാസം, ചികിൽസ, ഭവന നിർമ്മാണം എന്നിവയ്ക്ക് എടുത്തിട്ടുള്ള വായ്പയെ സംബന്ധിച്ച ആശ്വാസനടപടികൾ സ്വീകരിക്കുക എന്നുള്ളത് കമ്മീഷന്റെ ദൗത്യമാണ്. തീരപ്രദേശത്തെ ജനങ്ങളെ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ ബിൽഡിംഗ് റൂൾസിലെ പോരായ്മകൾ പരിഹരിക്കാൻ കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റിയോടും സെസ്സിനോടും പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 12-ാം ധനകാര്യ കമ്മീഷൻ മുഖാന്തിരമുള്ള ഫണ്ട്, ഫിഷറീസ് സെക്ടറിലെ പ്ളാൻ അലോക്കേഷൻ, സെൻട്രലി സ്പോൺസേർഡ് സ്കീംസ് പ്രകാരം ലോക്കൽ ബോഡീസ് അലോട്ട് ചെയ്തിട്ടുള്ള തുക എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതാണ്. ഇതിനായി ഫിഷറീസ് സയന്റിസ്റ്റ്, ഇക്കോണമിസ്റ്റ്, സബ്ജക്ട് എക്സ്പെർട്ട്സ് എന്നിവരെ ഉൾപ്പെടുത്തി രണ്ട് ദിവസത്തെ വർക്ക്ഷോപ്പ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 7 കർമ്മ സമിതിയെ നിയോഗിക്കുകയും മൂന്ന് സമിതിയുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. നാല് കർമ്മസമിതിയുടെ റിപ്പോർട്ട് ഈ

മാസം 31-ന് മുമ്പ് ലഭിക്കുന്നതാണ്. ഏപ്രിൽ 25, 26 തീയതികളിൽ കർമ്മ സമിതിയുടെ ജോയിന്റ് വർക്ക്ഷോപ്പ് നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ തീരപ്രദേശത്ത് പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ സംഘടനകൾക്കും ജനപ്രതിനിധികൾക്കും പ്രാതിനിധ്യം ഉറപ്പാക്കുന്നതാണ്. കർമ്മ സമിതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പ്രോജക്ട് തയ്യാറാക്കാൻ ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റുമായി എം.ഒ.യു. ഒപ്പു വയ്ക്കുകയും ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരദേശ വികസനത്തിനുള്ള പ്രോജക്ടുകൾക്ക് സംസ്ഥാന വിഹിതം നൽകിയും കേന്ദ്ര വിഹിതം ലഭ്യമാക്കിയും നടപ്പിലാക്കുന്നതാണ്. മൽസ്യത്തൊഴിലാളികളുടെ തൊഴിലുപകരണങ്ങൾ നശിച്ചുപോയാൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി ഒരു ഇൻഷ്വറൻസ് പദ്ധതി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്.

**അറിയിപ്പ്**

കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു നിയമസഭാ സമിതി രീപികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 129, 132, 139, 140, 142, 147 152, 157, 168, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി.എം.എ. സലാം: 131, 135, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 133-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ്: 136, 151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: 145-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: 150,155 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 164-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: 146, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

സെക്ഷൻ 2(V) ൽ 'ഈ ആക്ടിന്റെ പ്രാരംഭ തീയതിയിലോ അതിന് മുമ്പോ' എന്ന വാക്കുകൾ ഒഴിവാക്കുക.

സെക്ഷൻ 2(V) എ (iii) ൽ മൽസ്യത്തൊഴിലാളി ക്ഷേമ സംഘത്തിനോ എന്നതിൽ 'ക്ഷേമ' എന്ന വാക്ക് ഒഴിവാക്കുക

സെക്ഷൻ 2 (xiii) ൽ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതുമായ എന്ന വാക്കുകൾക്ക് പകരം 'അതാത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയിൽ കവിയാത്ത വരുമാനമുള്ള' എന്ന വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3-ാം വകുപ്പ്.**

ശ്രീ. പി. ജയരാജൻ: 172, 182 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 187-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ. ശശീന്ദ്രൻ: 175, 186, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: 185-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: 191, 195 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ:</u> 198-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: 199-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ):</u> താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു:

സെക്ഷൻ 3 (2) സബ് സെക്ഷനിലെ (iv) -ഇനം ഒഴിവാക്കുക.

സെക്ഷൻ 3(5) ൽ 'ചെയർമാൻ' എന്നതിന് പകരം 'ചെയർപേഴ്സൺ -ന്റെ' എന്നാക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു..

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഖണ്ഡം 3 (2)ൽ 'നാല്' എന്നതിനു പകരം 'അഞ്ച്' എന്ന് ചേർക്കുക എന്ന 172-ാം നമ്പർ ഭേദഗതിയും ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡം 3(2) (iii) താഴെപ്പറയും പ്രകാരം മാറ്റുക.

'(iii) മൂന്ന് മൽസ്യത്തൊഴിലാളി പ്രതിനിധികൾ: അംഗങ്ങൾ;' എന്ന 186 -ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതിയും ശ്രീ. എ.കെ. ശശീന്ദ്രൻ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>**4-ാം വകുപ്പ്.**</u>

<u>ശ്രീ. എം. ഹംസ</u>: 205-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ:</u> 207-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>പ്രൊഫ. എൻ. ജയരാജ്</u>: 211, 212, 213 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: 204, 216 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> 218-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച ഖണ്ഡം 4 (3)-ൽ 'വ്യവസ്ഥകൾ അനുസരിച്ച്' എന്നീ വാക്കുകൾക്കുശേഷം 'മൂന്ന് മാസത്തിനകം ' എന്നീ വാക്കുകൾ ചേർക്കുക എന്ന 211-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണി യാടൻ അവതരിപ്പിച്ച ഖണ്ഡം 4(4) (ഇ)ക്ക് ശേഷം താഴെപ്പറയുന്ന പുതിയ ഇനം കൂടി ചേർക്കുക.

'(എഫ്) സ്വജനപക്ഷപാതമോ, അഴിമതിയോ, നടത്തിയെന്ന് സർക്കാ രിന് ബോധ്യപ്പെടുകയോ' എന്ന 218-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതിയും സഭ അംഗീക രിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്.

ശ്രീ. പി. ജയരാജൻ: 224, 232, 235, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ്: 225, 226, 249 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 227, 233, 234, 237, 245, 246, 248, 253, 254, 257 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 228-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 231, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി.എം.എ. സലാം: 252-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സെക്ഷൻ 5(3)-ൽ "മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന" എന്നതിന് ശേഷം "കടാശ്വാസത്തിന്റെ പരിധി അതാത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പരിധിയിൽ കവിയാത്തതാണ്" എന്നുചേർക്കണം എന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

## 6-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 261-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 264, 268 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പിന് ശേഷമുളള പുതിയ വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

6(എ) എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുക. "ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 2007 ഡിസംബർ 31 വരെയുളള മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും സംബന്ധിച്ച് കേരള സംസ്ഥാനം

ഒട്ടാകെ ദുരന്ത ബാധിത പ്രദേശമായി കണക്കാക്കേണ്ടതാണ്" ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

6-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

"ഖണ്ഡം 8(2) ഒഴിവാക്കുക"

ശ്രീ. തോമസ് ഉണ്ണിയാടൻ: 270, 277 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 271-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 280-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 'ഖണ്ഡം 8(3)-ലെ "രണ്ട്" എന്നത് "മൂന്ന്" എന്നാക്കുക' എന്ന 277-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടികയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: 281, 282, 284 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 'ഖണ്ഡം 9(2)-ൽ "ബന്ധപ്പെട്ട ബാങ്ക് അനുവദിച്ചിട്ടുള്ള" എന്നതിനുപകരം "തീർപ്പാക്കൽ വ്യവസ്ഥയനുസരിച്ചുള്ള" എന്ന് മാറ്റുക.' എന്ന 284-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 284-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: 286, 288, 290 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 287-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: 289-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി 9-നെതിരെ 48 വോട്ടുകളോടെ പിൻവലിക്കപ്പെട്ടു.

മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: 291-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: 292, 295 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 293, 294 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: 299-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15 മുതൽ 18 വരെയുള്ള വകുപ്പുകൾ

15 മുതൽ 18 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15 മുതൽ 18 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: 301-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു..

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 106, 107, 128 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി.എം.എ സലാം: 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ്: 110, 112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 113, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: 115-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: 116, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 119, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): പീഠികയിൽ രണ്ടാം ഖണ്ഡികയിൽ 3-ാം വരിയിൽ 'വിലയിടിവും തൊഴിൽരാഹിത്യവും' എന്നതിനുശേഷം "മദ്ധ്യവർത്തികളുടെ ചൂഷണവും" എന്ന വാക്ക് കൂടി ചേർക്കുക' എന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി.ഡി. സതീശൻ: കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്ന പണം ഉപയോഗിച്ചുകൊണ്ടുതന്നെ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളാൻ കഴിയുമെങ്കിലും ഈ നിയമത്തിലെ ചില നിർദ്ദേശങ്ങൾ അതിന് തടസ്സമാകുമോ എന്നുള്ളത് ഇതിന്റെ ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ ഗവൺമെന്റ് ഗൗരവമായി പരിഗണിക്കണം. ഈ നിയമത്തിന്റെ നിർവ്വചനം അനുസരിച്ചുള്ള എല്ലാ തൊഴിലാളികളേയും കേന്ദ്ര കാർഷിക കടാശ്വാസ നിയമം കവർ ചെയ്യുന്നില്ല. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിച്ച സമയത്ത് കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപിച്ചിട്ടില്ലായിരുന്നു. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് സംസ്ഥാന സർക്കാർ നീക്കിവയ്ക്കാൻ ഉദ്ദേശിച്ചിരുന്ന തുക പൂർണ്ണമായും വിനിയോഗിക്കണം. ഇപ്പോൾ നീക്കിവച്ചിട്ടുള്ള 10 കോടി രൂപ വളരെ തുച്ഛമായതിനാൽ കൂടുതൽ തുക വകയിരുത്തണം. കർഷ.ക കടാശ്വാസ കമ്മീഷനിൽ പറയുന്നതുപോലെ അനുരഞ്ജനം നടത്താനുള്ള ഒരു സംവിധാനമോ അല്ലെങ്കിൽ ദുരന്തമുണ്ടാകുമ്പോൾ മാത്രം പ്രവർത്തിക്കുന്ന ഒരു ഏജൻസിയോ ആക്കി മാറ്റാതെ കേരളത്തിലെ 14 ജില്ലകളിലുമുള്ള തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ മുഴുവൻ കടങ്ങളും അസ്സസ് ചെയ്യുന്നതിനുള്ള അധികാരം കൂടി മത്സ്യത്തൊഴിലാളി കടാശ്വാസ

കമ്മീഷന് നൽകണം. അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: വളരെ സദുദ്ദേശത്തോടുകൂടിയുള്ള ഈ ബില്ലിന് സെലക്ട് കമ്മിറ്റി സ്റ്റേജ് മുതൽ ഈ ചർച്ച അവസാനിക്കുന്നതു വരെ പ്രതിപക്ഷത്തുനിന്നും വളരെ നല്ല സഹകരണവും നിർദ്ദേശങ്ങളുമാണ് ഉണ്ടായിട്ടുള്ളത്. ഈ നിയമം എത്രയും വേഗത്തിൽ നടപ്പാക്കുകയും കൂടുതൽ ഫണ്ട് വകയിരുത്തുകയും ചെയ്ത് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതിന് പ്രതിപക്ഷത്തിന്റെ എല്ലാ സഹകരണവും ഉറപ്പുനൽകുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കേരളത്തിലെ തീരദേശത്തെ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾ ഏറെ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുന്ന സുപ്രധാനമായ ഒരു നിയമനിർമ്മാണമാണിത്. ഈ നിയമത്തിന്റെ നിർവ്വഹണ ഘട്ടത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയ്ക്കുപുറമെ മറ്റു സ്രോതസ്സുകളിൽ നിന്നും സമ്പത്ത് കണ്ടെത്തി പരമാവധി ആശ്വാസ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ നിയമനിർമ്മാണംവഴി മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ നടപടികൾ ഏർപ്പെടുത്തുന്നതോടുകൂടി കേരള നിയമസഭ ഭാരതത്തിന് വീണ്ടുമൊരു മാതൃകയാവുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന മത്സ്യത്തൊഴിലാളികളുടെ ചരിത്രത്തിൽ അവിസ്മരണീയമായ ഈ നിയമം

പാസ്സാക്കുന്നതിൽ പാർട്ടി വ്യത്യാസമില്ലാതെ എല്ലാവരും അവരവരുടെ സംഭാവനകൾ നൽകിയിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്.

ശ്രീ. കെ.പി. മോഹനൻ: എല്ലാവരുടേയും പൂർണ്ണ സഹകരണത്തോടെ പാസ്സാകുന്ന ഈ നിയമത്തിന്റെ നിർവ്വഹണ ഘട്ടത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ ബില്ലിനെ സമ്പുഷ്ടമാക്കാൻ ശ്രമിക്കണം.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ഇ.എം.എസ്.ന്റെ ചരമദിനമായ ഇന്ന് അടിസ്ഥാന മേഖലയിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഉയർച്ചയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ നിയമം പാസ്സാക്കുമ്പോൾത്തന്നെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് പ്രവർത്തിക്കാനാവശ്യമായ സൗകര്യവും ഫണ്ടും നൽകാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സംസ്ഥാനത്തെ ലക്ഷക്കണക്കിനുവരുന്ന മത്സ്യത്തൊഴിലാളികളുടെ ഭാസുരമായ ജീവിതം ഉറപ്പുവരുത്തുന്നതിനും അവരുടെ സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതിനുമായി ഒരു നിയമനിർമ്മാണം ഏകകണ്ഠമായി പാസ്സാക്കാൻ കഴിയുന്നത് അഭിനന്ദനാർഹമാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വലിയ ക്ലേശവും ദുരിതവും അനുഭവിക്കുന്ന സ്ത്രീ തൊഴിലാളികളുൾക്കൊള്ളുന്ന തീരദേശത്തെ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ കഴിഞ്ഞത് തികച്ചും ചാരിതാർത്ഥ്യജനകവും അഭിനന്ദനാർഹവുമാണ്. ഇതേ സ്വഭാവത്തിലുള്ള കർഷക കടാശ്വാസ നിയമം ഈ സഭ പാസ്സാക്കിയപ്പോൾ അതിനെ അടിസ്ഥാനപ്പെടുത്തി

അഖിലേന്ത്യാതലത്തിലും അത്തരം ഒരു നിയമം കൊണ്ടുവന്നത് ഇന്ത്യയിലൊട്ടാകെയുള്ള കർഷകർക്ക് പ്രയോജനം ചെയ്യും. അതുപോലെ ഈ നിയമത്തിന്റെ കാര്യത്തിലും കേരളത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ഇന്ത്യയിലൊട്ടാകെയുള്ള മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി അഖിലേന്ത്യാതലത്തിൽ ഒരു നിയമം കൊണ്ടുവരാൻ കേന്ദ്രഗവൺമെന്റ് മുൻകൈ എടുക്കുമെന്ന് പ്രത്യാശിക്കുന്നു. ഏകകണ്ഠമായി ഈ ബിൽ പാസ്സാക്കാൻ കഴിയുന്നു എന്നുള്ളത് ഏറെ സന്തോഷകരമാണ്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> കഴിഞ്ഞ 21 മാസത്തിനിടയിൽ ഉപരിതല മത്സ്യബന്ധന സംരക്ഷണ നിയമം, സെസ്സ് നിയമം, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം എന്നിങ്ങനെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട മൂന്നാമത്തെ നിയമനിർമ്മാണത്തിനാണ് ഈ സഭ സാക്ഷ്യം വഹിക്കുന്നത്. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റി ചർച്ചാവേളയിൽ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊണ്ട് ഇത് കുറ്റമറ്റതാക്കുന്നതിന് പങ്കുവഹിച്ച ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട എല്ലാ എം.എൽ.എ.മാരോടും ഈ ബില്ലിന്റെ അണിയറ ഒരുക്കങ്ങളിൽ പങ്കുവഹിച്ച നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരോടും ഗവൺമെന്റിനുവേണ്ടി നന്ദി രേഖപ്പെടുത്തുകയാണ്. തികഞ്ഞ ജാഗ്രതയോടുകൂടി ഈ ബിൽ നിയമമാക്കുന്നതിന് സഹായിച്ച നിയമ വകുപ്പുമന്ത്രിയോടും നിയമ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരോടും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരോടും കേരളത്തിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളോടും ഗവൺമെന്റിനുവേണ്ടി നന്ദി രേഖപ്പെടുത്തുന്നു. സർവ്വോപരി ഈ ദിവസം വളരെ പ്രാധാന്യത്തോടുകൂടി കാണുന്ന ഒരു ദിവസമാണ്. ആധുനിക കേരളത്തിന്റെ രാജശിൽപ്പിയും ദീർഘദർശിയുമായ ഭരണ-രാഷ്ട്രീയ-

സാമൂഹിക-സാംസ്ക്കാരിക മണ്ഡലങ്ങളിൽ കാലവും ചരിത്രവും സാക്ഷിയായി എക്കാലത്തേയും ചുവന്ന നക്ഷത്രമായ ആധുനിക കേരളത്തിന്റെ ശില്പികളിൽ പ്രമുഖനായ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് നമുക്ക് നഷ്ടപ്പെട്ട ദിവസമാണ് ഇന്ന്. അദ്ദേഹത്തിന്റെ സ്മരണ ഇരമ്പുന്ന കേരളക്കരയിൽ മൽസ്യത്തൊഴിലാളികളുടെ ജീവിതവളർച്ചയ്ക്ക് ആശ്വാസമേകുന്ന ഒരു നിയമനിർമ്മാണ പ്രക്രിയയിൽ പങ്കാളിയാകാൻ കഴിഞ്ഞതിലുള്ള സന്തോഷം പ്രകടിപ്പിച്ചുകൊണ്ടും എല്ലാപേരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ടും 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**അവകാശലംഘന പ്രശ്നങ്ങൾ**

മി. സ്പീക്കർ: ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ നിയമസഭാംഗമായ ശ്രീ. കെ. ശിവദാസൻ നായരെ ആദ്യം പ്രസംഗിക്കാൻ അനുവദിക്കാത്ത മന്ത്രിയുടെ നടപടി സഭയുടേയും അംഗങ്ങളുടേയും അവകാശത്തെ ലംഘിച്ചിരിക്കുകയാണെന്ന് കാണിച്ച് ശ്രീ. എം.എ. വാഹീദ് ഒരു അവകാശലംഘന നോട്ടീസ് നൽകിയിരുന്നു. നോട്ടീസിൽ ഉന്നയിച്ച ആരോപണങ്ങൾ ചെയർ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുകയുണ്ടായി. മന്ത്രി നൽകിയ വിശദീകരണവും

നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളും ചെയർ വിശദമായി പരിശോധിച്ചു.

മുൻകാലങ്ങളിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ചേരുന്ന യോഗങ്ങളിൽ തുടർന്നുവരുന്ന നടപടിക്രമങ്ങളാണ് ഈ വർഷം ചേർന്ന യോഗത്തിലും അനുവർത്തിച്ചതെന്ന് ചെയർ മനസ്സിലാക്കുന്നു. മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടായതായി പറയപ്പെടുന്ന നടപടി നിയമസഭയുടേയോ ബഹുമാനപ്പെട്ട അംഗങ്ങളുടേയോ ഏതെങ്കിലും തരത്തിലുള്ള അവകാശങ്ങളെ ലംഘിച്ചതായി ചെയർ കരുതുന്നില്ല. ആയതിനാൽ പ്രസ്തുത പ്രശ്നം അവകാശലംഘനമായി ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

## <u>പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ</u>

(1) 2008 ഫെബ്രുവരി 20-ന് ഗവർണ്ണർ സഭയിൽ നടത്തിയ പ്രസംഗത്തിലെ കുറെ ഭാഗങ്ങൾ ഒരു പ്രമുഖ ദിനപ്പത്രത്തിൽ അച്ചടിച്ചുവന്നുവെന്നും ഇത് സഭയുടെയും അംഗങ്ങളുടെയും പ്രത്യേക അവകാശത്തെ ലംഘിച്ചിരിക്കുകയാണെന്നും കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ അവകാശലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

(2) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച ഒരു നിയമസഭാ ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി തെറ്റിദ്ധാരണാജനകമാണെന്നും ഇത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തെ ലംഘിച്ചിരിക്കുകയാണെന്നും കാണിച്ച്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ.സി. ജോസഫ് നൽകിയ അവകാശലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സഭ മുൻപാകെ തൽക്കാലം മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ : പന്ത്രണ്ടാം കേരള നിയമസഭയുടെ എഴാം സമ്മേളനം ഇന്ന് അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു. ഫെബ്രുവരി 20-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടിയാണ് സമ്മേളനം ആരംഭിച്ചത്. ഫെബ്രുവരി 25, 26, 27 തീയതികളിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻമേൽ നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിൻമേലുള്ള ചർച്ച നടന്നു. ആകെ 14 ദിവസമാണ് സഭ സമ്മേളിച്ചത്. പ്രധാനമായും ബഡ്ജറ്റ് അവതരണത്തിനായി ചേർന്ന സഭാ സമ്മേളനത്തിൽ മാർച്ച് 6-ാം തീയതിയാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. നാല് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് സഭ പാസ്സാക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ, 2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ എന്നീ പ്രധാനപ്പെട്ട മൂന്ന് ബില്ലുകൾ പാസ്സാക്കുകയുണ്ടായി. 14 ദിവസത്തെ സമ്മേളനത്തിൽ 21 ശ്രദ്ധക്ഷണിക്കലുകളും 215 സബ്മിഷനുകളും അവതരിപ്പിക്കുകയുണ്ടായി. സുവർണ്ണ ജൂബിലി വർഷത്തിലെ അവസാനത്തെ സമ്മേളനമാണെന്ന പ്രത്യേകതകൂടി ഈ സമ്മേളനത്തിനുണ്ട്. സഭയുടെ ഈ സെഷൻ

വിജയകരമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷി നേതാക്കൾ, ബഹുമാനപ്പെട്ട അംഗങ്ങൾ എന്നിവരുടെ സഹകരണത്തിന് ചെയർ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ മാധ്യമ പ്രതിനിധികൾക്കും നിയമസഭാ ജീവനക്കാർക്കും മറ്റ് ബന്ധപ്പെട്ട ആളുകൾക്കും ചെയർ നന്ദി രേഖപ്പെടുത്തുകയാണ്. സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുകയാണ്.

സഭ വൈകുന്നേരം 4.06-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

***************